
# പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 38 ലക്കം ഫെബ്രുവരി 2020 വാർഷിക വരിസംഖ്യ ₹ 100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




പരിശുദ്ധ അമ്മേ,
ഇഷ്ടപ്പെടുന്നത്
നഷ്ടപ്പെടുമ്പോഴും
സ്വന്തമെന്നോർത്തതെല്ലാം
ഇല്ലാതാകുമ്പോഴും
ആഗ്രഹിക്കാത്ത
അനുഭവങ്ങൾ
ജീവിതത്തിൽ
ഉളവാകുമ്പോഴും
അനുഭവപ്പെടുന്ന
വേദനകളെല്ലാം
നന്മയ്ക്കായി
ദൈവം ക്രമീകരിക്കുന്നു
എന്ന മനോഭാവത്തോടെ
സ്വീകരിക്കാനുള്ള
ശക്തിയും കൃപയും
ലഭിക്കുന്നതിനായി
അങ്ങു ഞങ്ങൾക്കായി
പ്രാർത്ഥിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 38 നോമ്പു ലക്കം ഫെബ്രുവരി 2020

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം


- നോമ്പിന്റെ ചൈതന്യം 5
- സഭ: ലോകത്തിന്റേതാകാതെ ലോകത്തിൽ ജീവിക്കേണ്ട സമൂഹം 7
- ബലിക്കല്ല് 9
- പരമാവധിസ്നേഹത്തിന്റെ കാഹളധ്വനി 12
- എന്റെ താലന്ത് എവിടെ? 14
- റൂബൻ 16
- കാവലാൾ 18
- നന്മമരങ്ങളാകുക 20
- വഹിക്കാനാവാത്ത കുരിശുകൾ 22
- ഈശോ: യുവജനങ്ങളുടെ മാതൃക 24
- സെനക്കിൾ തരംഗം 26
- നോമ്പിന്റെ ആനന്ദം 27
- ഉലകിന്നുയിരേകാൻ 29
- സ്നേഹത്തിന്റെ ഉൾക്കടൽ 30
- വിധി 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# സഹനത്തിലെ സന്തോഷം

"അവൻ അവരോടു പറഞ്ഞു: തീവ്രദുഃഖത്താൽ ഞാൻ മരണത്തോളം എത്തിയിരിക്കുന്നു. നിങ്ങൾ എന്നോടൊത്ത് ഉണർന്നിരിക്കുക" (മത്താ 26,38).

രക്തം വിയർക്കുവോളമുള്ള മാനസികവ്യഥയാൽ ഉലഞ്ഞ് ഗത്സെമൻതോട്ടത്തിൽ പ്രാർത്ഥിക്കാനെത്തിയ ഈശോ തന്റെ പ്രിയശിഷ്യരോടുരുവിട്ടതാണീ തിരുമൊഴികൾ. പ്രാണനോളം താൻ സ്നേഹിച്ചിരുന്ന ശിഷ്യർ, താൻ അനുഭവിക്കുന്ന തീവ്രദുഃഖത്തിന്റെ ആഴമറിഞ്ഞ് തന്നോടൊപ്പമുണ്ടാകണമെന്ന് അവിടുന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ വീണ്ടുംവീണ്ടും ഓർമ്മിപ്പിച്ചിട്ടും അവിടുത്തോടൊപ്പം ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ മാനുഷിക പരിമിതികൾമൂലം അവർക്കായില്ല... "അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു" (മത്താ 26,43).

ഏതെങ്കിലും വിധത്തിലുള്ള സഹനാനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ മറ്റുള്ളവരുടെ പിന്തുണ ലഭിക്കാതെ വരുന്നവർ ധാരാളമുണ്ട്. ചിലപ്പോൾ മറ്റുള്ളവരുടെ നിലപാടുകളും വാക്കുകളും പ്രവൃത്തികളുമൊക്കെ എരിതീയിൽ എണ്ണയൊഴിക്കുന്ന അനുഭവമായി മാറുകയും ചെയ്യും. എന്നാൽ മാനുഷികസഹായത്തിന്റെ അഭാവം ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിന് വഴിയൊരുക്കുന്നു: "അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു" (ലൂക്കാ 22,43). എന്തൊക്കെ സംഭവിച്ചാലും, ആരൊക്കെ ഉപേക്ഷിച്ചാലും എപ്പോഴും കൂടെയായിരിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളത്. ഗത്സെമനും ഗാഗുൽത്തായും നല്കിയ മുറിപ്പാടുകൾ ഏറ്റെടുത്തവന് നമ്മുടെ നൊമ്പരപ്പാടുകളുടെ അറിവ് അന്യമല്ല. തിരുഹിതം അനുവർത്തിക്കാനുള്ള അദമ്യമായ ആഗ്രഹം അവസാനിക്കാത്തിടത്തോളം ദൈവശക്തിയുടെ അനസ്യൂതമായ ഇടപെടലുമുണ്ടാകും. മാത്രമല്ല, ഈശോയുടെ മൗതികശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നമ്മുടെ സഹനത്തിന് ഈശോയുടെ സഹനത്തോടൊപ്പമുള്ള രക്ഷാകരമൂല്യവുമുണ്ട്. നമ്മുടെ സഹനങ്ങളിലെ സന്തോഷമതാകട്ടെ. ദൈവേഷ്ടം സന്തോഷത്തോടെ സ്വീകരിക്കാനൊരുങ്ങുന്ന പുണ്യകാലമായി ഈ നോമ്പുകാലം തീരുകയും ചെയ്യട്ടെ.

ചീഫ് എഡിറ്റർ



# നോമ്പിന്റെ ചൈതന്യം

**റവ. ഡോ. ഡൊമിനിക് മുരിയൻകാവുങ്കൽ**
**ചങ്ങനാശ്ശേരി അതിരൂപത**

**ഒ**രു വലിയനോമ്പുകാലംകൂടി ആഗതമായിരിക്കുകയാണ്. ഈശോയുടെ പീഡാസഹന ങ്ങളെയോർത്ത് കരയാനുള്ള കാലമാണിതെന്നാണ് പൊതുവെയുള്ള ധാരണ. പക്ഷേ, അത ങ്ങനെയല്ലെന്ന് ഈശോയുടെ വാക്കുകളിൽനിന്നുതന്നെ വ്യക്തമാണ്: "എന്നെപ്രതി നിങ്ങൾ കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയുംപ്രതി കരയുവിൻ" (ലൂക്കാ 23,28). നാം കരയേ ണ്ടത് ഈശോയുടെ പീഡാസഹനങ്ങളെയോർത്തല്ല. അതിനു കാരണങ്ങൾ പലതുണ്ട്. ഈശോ യുടെ ശരീരത്തിൽ ഈശോ ഏറ്റ പീഡകളെക്കാൾ പീഡകളേറ്റവരും പീഡകളേല്ക്കുന്നവരും പീഡകളേല്ക്കാനുള്ളവരും ഈ ലോകത്തിലുണ്ട് എന്നതാണ് ഒരു വസ്തുത. ഉദാഹരണത്തിന് ഐ. എസ്. ഭീകരർ മനുഷ്യരെ അതിക്രൂരമായി പീഡിപ്പിച്ചതൊക്കെ നാം കുറെയേറെ വായിച്ച റിഞ്ഞിട്ടുണ്ട്. കുറച്ചു വർഷങ്ങൾക്കുശേഷം അവയൊക്കെ വിശദമായി വെളിച്ചംകണ്ടേന്നുവ രും. സ്വന്തം മതം സ്വീകരിക്കാത്തതിന്റെപേരിൽ നമുക്ക് ചിന്തിക്കാനാവുന്നതിലുമപ്പുറമുള്ള പീഡകളാണ് അവർ മറ്റുള്ള മതസ്ഥരിലേല്പിച്ചത്. ഇതുപോലെ അനേക വർഷങ്ങൾ പീഡിപ്പി ക്കപ്പെടുന്നവരും രോഗത്തിന്റെ വേദനകൾ അനുഭവിക്കുന്നവരും മാനസികക്ലേശങ്ങളാൽ ബുദ്ധി മുട്ടുന്നവരുമായി, ഒരുപക്ഷേ ഈശോയെക്കാൾ ശാരീരികവേദനയനുഭവിക്കുന്നവർ, അനേക രുണ്ട് എന്നതാണ് വാസ്തവം.

അപ്പോൾപ്പിന്നെ ഈശോയുടെ പീഡകളെന്താണ്? അത് ശാരീരികപീഡകളെന്നതിനേക്കാൾ ആത്മീയപീഡകളായിരുന്നു എന്നുവേണം പറയാൻ. ശരീരത്തിൽ ഈശോ ഏറ്റ പീഡകൾ ഏറ്റവും തീവ്രമായിരുന്നുവെങ്കിലും അവിടുന്നേറ്റ ആത്മീയപീഡകളുമായി താരതമ്യം ചെയ്യുമ്പോൾ അത് തുലോം കുറവാണ്. കാരണം ഈശോയുടെ ശാരീരികപീഡാസഹനങ്ങൾ ഏതാനും മണിക്കൂറുകൾമാത്രമേ നീണ്ടുള്ളൂ. കഠിനമായ വേദനയായിരുന്നുവെങ്കിലും അത് മരണത്തോടെ അവസാനിച്ചു.

പിന്നെ എന്താണ് ഈശോയുടെ പീഡാനുഭവത്തിന്റെ തീവ്രത കൂട്ടിയത്? പാപമില്ലാത്തവൻ സ്വന്തം ശരീരത്തിൽ ലോകത്തിന്റെ പാപം മുഴുവൻ ഏറ്റെടുത്തു എന്നതാണ് ഈശോയ്ക്കേറ്റ പീഡകളെ ഇത്ര ദാരുണമാക്കുന്നത്. മനുഷ്യനെന്ന നിലയിൽ നമുക്കത് ചിന്തിക്കാൻപോലുമാവില്ല. പാപമില്ലാത്ത, പരിശുദ്ധരിൽ പരിശുദ്ധനായ ദൈവം സ്വന്തം ശരീരത്തിലേക്ക് നമ്മുടെ രക്ഷയ്ക്കുവേണ്ടി നമ്മുടെ മുഴുവൻ പാപങ്ങൾ ഏറ്റെടുക്കുന്നു. അതാണവന്റെ സഹനം; യഥാർത്ഥ സഹനം. അത് ഒരു മനുഷ്യനും ചെയ്യാൻ പറ്റുന്ന കാര്യമല്ല. നമുക്കുവേണ്ടി, നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ സഹിക്കുകയാണ് (vicarious suffering). അത് മാനസികപീഡയാണ്; ആത്മീയപീഡയാണ്. അതിന്റെ തീവ്രത ദൈവത്തിനുമാത്രമേ അറിയൂ. അതു മനസ്സിലാക്കാൻ മനുഷ്യനാവില്ല.

അതുകൊണ്ടുതന്നെ ഈശോയുടെ ശാരീരികപീഡകളുടെ തീവ്രത വർണ്ണിക്കുന്ന കുരിശിന്റെ വഴികളും മറ്റ് ഭക്തകൃത്യപുസ്തകങ്ങളും വായിച്ചു ധ്യാനിച്ച് വിഷമിച്ചു കഴിയേണ്ടവരല്ല നാം. പിന്നെയോ എനിക്കുവേണ്ടിയാണ്, എന്റെ പാപങ്ങൾക്കുവേണ്ടിക്കൂടിയാണ് എന്റെ ഈശോ കുരിശിൽ മരിച്ചത് എന്നു ധ്യാനിക്കാനാവണം. അവിടെയാണ് നോമ്പുകാലത്തിന് അർത്ഥമുള്ളത്. എന്റെ പാപങ്ങളാണ് അവനെ കുരിശിലേറ്റിയത്. അതിന്നും അങ്ങനെതന്നെ ആവർത്തിക്കുന്നു. ഞാൻ പാപം ചെയ്യുമ്പോഴെല്ലാം ഈശോ കുരിശിൽ മരിക്കേണ്ടിവരികയാണ്. കാരണം നിത്യതയിലാണ് ഈശോയുടെ മരണം; അത് കാലാതീതമാണ്. ലോകചരിത്രത്തിൽ, ഒരു കാലത്തിൽ നടന്നതാണെങ്കിലും ദൈവമായതുകൊണ്ട് അത് നിത്യതയിൽ നടക്കുന്നു. അങ്ങനെയാണ് നാമെല്ലാം രക്ഷിക്കപ്പെടുന്നത്. അന്നുവരെ ജീവിച്ചവരും അന്നുണ്ടായിരുന്നവരും ഇനിയും വരാനിരിക്കുന്നവരും മുഴുവൻ രക്ഷിക്കപ്പെടുന്നത് നിത്യതയിൽ ദൈവപുത്രൻ ഈ പീഡകൾ ഏറ്റെടുത്തതുകൊണ്ടാണ്; കുരിശിൽ മരിച്ചതുകൊണ്ടാണ്. അതുകൊണ്ട്, നാം നോമ്പ് അനുഷ്ഠിക്കുന്നത്, ത്യാഗമെടുക്കുന്നത് നമ്മുടെ പാപങ്ങളെയോർത്തുകൂടിയാവട്ടെ. അവയെ വേരോടെ പിഴുതെറിയാൻ, മനസ്സിന്റെ അന്തരം – മാനസാന്തരം സംഭവിക്കാനാവട്ടെ ഈ നോമ്പുകാലം നാം പ്രയോജനപ്പെടുത്തുന്നത്. ഭോജ്യം വെടിയുന്നതിലുപരി കോപം, അസൂയ തുടങ്ങിയവയെല്ലാം ഉപവാസംകൊണ്ട് വെടിയണം. ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കാൻ പരിശീലിക്കുന്ന കാലംകൂടെയാവട്ടെ നോമ്പുകാലം. അങ്ങനെയാകുമ്പോൾ ഈശോയുടെ ഉയിർപ്പിനോടൊപ്പം നമ്മുടെ മർത്ത്യമായ ശരീരങ്ങളും, പാപത്തിനു മൃതമായ ശരീരങ്ങളും ഉയിർക്കും. നോമ്പിന് അർത്ഥമുണ്ടാകും. നോമ്പുകാലം ഉയിർപ്പുകാലത്തോടു ചേർത്തുമാത്രമേ മാർത്തോമാ നസ്രാണികളായ നമുക്ക് മനസ്സിലാക്കാൻ സാധിക്കൂ. ഉയിർപ്പിന്റെ മഹത്ത്വത്തിലേക്കു കടക്കാൻ മർത്ത്യമായ നമ്മുടെ ശരീരത്തെ ചില ആത്മീയമുറകൾക്കൊണ്ടു നിയന്ത്രിക്കുന്ന ഈ കാലം നമ്മെ സഹായിക്കട്ടെ. "മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ച ഞാൻതന്നെ തിരസ്കൃതനാകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു" (1 കൊറി 9,27) എന്നു പറഞ്ഞ പൗലോസ്ശ്ലീഹായുടെ മനോഭാവം നമുക്കുണ്ടായിരിക്കട്ടെ. നമ്മുടെ ശരീരങ്ങളെ, അതിന്റെ സ്വാഭാവികപ്രവണതകളെ, പാപത്തിലേയ്ക്കുള്ള ചായ്‌വുകളെയൊക്കെ ആത്മാവിനാൽ ശക്തിപ്പെട്ട് കീഴടക്കാൻ നമ്മെ എല്ലാവരെയും ഈ നോമ്പുകാലത്ത് ഈശോ സഹായിക്കട്ടെ.



# സഭ: ലോകത്തിന്റേതാകാതെ ലോകത്തിൽ ജീവിക്കേണ്ട സമൂഹം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

സഭ മിശിഹായുടെ കൂദാശയായി ലോകത്തിൽ വർത്തിക്കേണ്ട ഒരു സമൂഹമാണ്. വി. പൗലോസ്ശ്ലീഹാ സഭയെ മിശിഹായുടെ ശരീരമെന്നാണ് വിശേഷിപ്പിക്കുന്നത് (1 കൊറി 12). ശരീരത്തിലൂടെയാണല്ലോ നാം മറ്റുള്ളവർക്കു ദൃശ്യരാകുന്നത്. അതുപോലെ സഭയാകുന്ന സമൂഹത്തിലൂടെയാണ് മിശിഹാ ഇന്ന് ലോകത്തിൽ മനുഷ്യർക്കു ദൃശ്യമാകുന്നത്. അപ്രകാരം മിശിഹായെ ലോകത്തിനു ദൃശ്യമാക്കേണ്ട സമൂഹമെന്ന നിലയിൽ സഭ ലോകത്തിലായിരിക്കണം. ഈശോ പ്രാർത്ഥിക്കുന്നു: "ഇനിമേൽ ഞാൻ ലോകത്തിലല്ല; എന്നാൽ അവർ ലോകത്തിലാണ്. ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു" (യോഹ 17,11).

## ലോകത്തിലേക്ക് അയയ്ക്കപ്പെട്ട സമൂഹം

ഈശോ പിതാവിനാൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടവനായിരുന്നു. "താങ്കൾ മിശിഹായാണോ?" എന്ന യഹൂദരുടെ ചോദ്യത്തിന് (യോഹ 10,24) ഈശോ വ്യക്തമായി മറുപടി പറയുന്നുണ്ട്, താൻ പിതാവിനാൽ വിശുദ്ധീകരിക്കപ്പെട്ട്, അഥവാ അഭിഷേകം ചെയ്യപ്പെട്ട് ലോകത്തിലേക്ക് അയയ്ക്കപ്പെട്ട ദൈവപുത്രനാണെന്ന് (യോഹ 10,36). ഇപ്പോൾ പിതാവിന്റെ പക്കലേക്കു പോകുന്ന മിശിഹാ തന്റെ സ്ഥാനത്ത് തന്റെ ശിഷ്യരുടെ സമൂഹമായ സഭയെ ലോകത്തിലേക്ക് അയയ്ക്കുകയാണ്: "അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു" (യോഹ 17,18). അതുകൊണ്ട് മിശിഹായുടെ രക്ഷാകരദൗത്യം ലോകത്തിൽ തുടരുവാൻ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്ന സമൂഹമാണ് സഭയെന്ന് സഭാംഗങ്ങളെല്ലാം അറിഞ്ഞിരിക്കണം. അപ്രകാരമുള്ള ദൗത്യബോധത്തോടെ ആയിരിക്കണം സഭാംഗങ്ങളെല്ലാവരും ലോകത്തിൽ ആയിരിക്കേണ്ടത്.

## ലോകത്തിന്റെ വിദ്വേഷം അനുഭവിക്കുന്ന സമൂഹം

ലോകത്തോടുള്ള തന്റെ സ്നേഹത്തിന്റെ ഫലമായി ലോകത്തെ രക്ഷിക്കാൻ ദൈവം അയച്ചവരുടെ സമൂഹമാണ് സഭയെങ്കിലും, ലോകം സഭാംഗങ്ങളെ ദ്വേഷിക്കുമെന്ന് ഈശോ പറഞ്ഞിട്ടുണ്ട് (യോഹ 15,18-19). അത്

അവർ എന്തെങ്കിലും തെറ്റു ചെയ്തതുകൊണ്ടല്ല, പ്രത്യുത, അവർ മിശിഹായുടെ സ്നേഹിതരായതുകൊണ്ടാണ്. നല്ല സഭാംഗങ്ങൾ ആയതുകൊണ്ടാണ്, ദൈവത്തിന്റെ മൂല്യങ്ങൾ ലോകത്തിന്റെ മൂല്യങ്ങളുമായി പൊരുത്തപ്പെടാത്തതുകൊണ്ടാണ്, അപ്രകാരം സംഭവിക്കുന്നത്. അതുകൊണ്ട് ലോകത്തിൽനിന്നും ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ അതു ക്ഷമയോടെ നേരിടാൻ സഭാംഗങ്ങൾക്കു കഴിയണം. മതപീഡനം സഭാചരിത്രത്തിന്റെ ഒരവശ്യഘടകമാണ്. അത് ഒഴിവാക്കാനാവില്ല. പക്ഷേ, അരൂപിയിൽ ശക്തിപ്രാപിച്ച് അതിനെ ക്ഷമാപൂർവ്വം നേരിടാൻ സഭാംഗങ്ങൾക്കു കഴിയണം.

### ലോകത്തിന്റേതാകാതെ ജീവിക്കുന്നവരുടെ സമൂഹം

ഈശോ പറയുന്നു: "ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല" (യോഹ 17,16). ലോകത്തിലാണെങ്കിലും ലോകത്തിന്റെ പ്രവണതകൾക്കനുസൃതമായി ജീവിക്കാനല്ല, ലോകത്തിന്റെ പാപപ്രവണതകളിൽനിന്നും, പാപകരമായ ജീവിതത്തിൽനിന്നും അതിനെ രക്ഷിക്കാനായിട്ടാണ് ഈശോ വന്നത്. അതുപോലെതന്നെ സഭാംഗങ്ങളും ലോകത്തിന്റെ പ്രവണതകൾക്കനുസൃതമായി ജീവിക്കുന്നവരാകാതെ ലോകത്തെ പാപത്തിൽനിന്നും രക്ഷിക്കുന്നവരായിവേണം ലോകത്തിൽ ജീവിക്കുവാൻ. ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിട്ടാണല്ലോ ഈശോ ലോകത്തിലേക്കു വന്നത് (യോഹ 1,29). അതുകൊണ്ട് അപ്രകാരം ലോകത്തെ പാപത്തിൽനിന്നും രക്ഷിക്കുന്ന ഒരു സാന്നിദ്ധ്യമാണ് സഭാംഗങ്ങൾ ലോകത്തിനു നല്കേണ്ടത്.

### സത്യത്താൽ വിശുദ്ധീകരിക്കപ്പെടുന്ന സമൂഹം

"അവരെ അങ്ങു സത്യത്താൽ വിശുദ്ധീകരിക്കണമേ" (യോഹ 17,17) എന്ന് ഈശോ പ്രാർത്ഥിക്കുന്നു. സഭാംഗങ്ങളെല്ലാവരും വിശുദ്ധീകരിക്കപ്പെട്ടവരാണ്, വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരുമാണ്. 'വിശുദ്ധീകരിക്കുക' എന്ന വാക്കിന്റെ മൂലാർത്ഥം 'പരിശുദ്ധനായ ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെടുക' എന്നാണ്. സഭാംഗങ്ങളെല്ലാവരും മാമ്മോദീസായിലൂടെ പരിശുദ്ധനായ ദൈവത്തിന്റെ സ്വന്തമായിത്തീർന്നവരാണ്. പക്ഷേ, ദൈവത്തിന്റേതാകാതെ ലോകത്തിന്റേതാകാനുള്ള പ്രവണത എപ്പോഴും അവരിലുണ്ടായിരിക്കും. അതുകൊണ്ട് നിരന്തരം ദൈവത്തിന്റെ സ്വന്തമായി, വിശുദ്ധരായി ജീവിക്കുവാൻ അവർക്കു കഴിയണം. അതിനുള്ള മാർഗ്ഗമാണ് 'സത്യം' അഥവാ ദൈവത്തിന്റെ 'വചനം': "അവിടുത്തെ വചനമാണല്ലോ സത്യം" (യോഹ 17,17). ഈശോതന്നെയാണ് 'സത്യം' (യോഹ 14,6). വചനം മാംസമായ വ്യക്തിയാണ് 'ഈശോ' (യോഹ 1,14). അതുപോലെ സഭാംഗങ്ങളിലും ദൈവവചനം മാംസമാകണം. അതായത് അവർ വചനാധിഷ്ഠിതജീവിതം നയിക്കുന്നവരാകണം. അപ്രകാരം വിശുദ്ധരും ലോകത്തെ വിശുദ്ധീകരിക്കുന്നവരുമാകുക എന്നതാണ് സഭാംഗങ്ങളുടെ വിളി.





# ബലിക്കല്ല്

അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28-29a).

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വാ**ഹനസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് മനുഷ്യൻ ചുമടുകൾ തലയിലും തോളിലും മുതുകിലും ചുമന്ന് മൈലുകൾ താണ്ടിയാണ് തങ്ങളുടെ ലക്ഷ്യത്തിലെത്തിച്ചേരുക. ദീർഘ ദൂരം യാത്രചെയ്യുമ്പോൾ ക്ഷീണമകറ്റാൻ മരത്തണലും ചുമടുതാങ്ങിയുമാണ് ആശ്രയം. ചില യവസരങ്ങളിൽ ഉണ്ടും ഉറങ്ങിയും ദിവസങ്ങളോളം നടന്നാണ് ഊരിലെത്തിയിരുന്നത്. നന്നായി അധ്വാനിക്കുന്നവന്, ക്ലേശങ്ങളും സഹനങ്ങളും ത്യാഗങ്ങളും സുനിശ്ചിതമായ കാര്യമാണ്. എങ്കിലും അവന് അതെക്കുറിച്ച് പരാതികളില്ല. സ്വാഭാവികമായ ഈ അനുഭവങ്ങളിൽ പരസ്പരം സഹായവും തുണയുമായി എല്ലാം മറന്ന് സന്തോഷത്തോടെ ജീവിക്കുന്ന കുടുംബം. അധ്വാനം നല്കുന്ന സന്തോഷവും തുണയേകുന്ന സമാധാനവും മക്കളിലുള്ള പ്രതീക്ഷയും കുടുംബജീവിതത്തെ ചാരിതാർത്ഥ്യത്തിലേക്കു നയിക്കുന്ന പ്രത്യാശയുടെ മുകുളമായിരുന്നു.

കഠിനാധ്വാനത്തിന്റെ ഫലത്തിലൂടെ ഒരുവന് ലഭ്യമാകുന്ന സന്തോഷം... ആസ്വദിച്ചിട്ടുള്ളവർക്കേ അതിന്റെ മാധുര്യം അനുഭവിക്കാനാവൂ. ഒത്തൊരുമയോടെ ഒന്നിച്ചു പ്രവർത്തിക്കുകയും ഫലം കൊയ്യുകയും ചെയ്യുമ്പോഴുണ്ടാകുന്ന സാഹോദര്യം, സ്നേഹം, സമാധാനം, സംതൃപ്തി, സന്തോഷം ഇവ ഒന്നു വേറെതന്നെ. ഇന്ന് അധ്വാനവും അതു പ്രദാനം ചെയ്യുന്ന സന്തോഷവും അനുഭവിക്കാൻ, ആസ്വദിക്കാൻ മനുഷ്യനു കഴിയുന്നില്ല. അധ്വാനം കൂടാതെ എളുപ്പത്തിൽ കാര്യങ്ങൾ നേടുക എന്ന രീതിയിലേക്ക് മനുഷ്യന്റെ ചിന്തയും പ്രവൃത്തിയും

മാറിപ്പോയി. ഓരോരുത്തരും അവനവന്റെ ലോകത്തിലും കാര്യങ്ങളിലുമായി ഒരുമുറിയിൽ ഒതുങ്ങുന്നു. ലോകത്തെ തന്റെ ഉള്ളം കയ്യിലൊതുക്കി ചുരുക്കുന്നു.

ഈശോയാകുന്ന മൂലക്കല്ലിൽ അടിസ്ഥാനമിടുന്ന കുടുംബം പാറപോലെ ഉറച്ചുനില്ക്കുന്നു. ബാഹ്യമായ ഒരു ശക്തിക്കും അതിനെ ഇളക്കാനാവില്ല. സുഖദുഃഖസന്തോഷങ്ങളുടെ സമ്മിശ്രമാണല്ലോ കുടുംബജീവിതം. അവിടെ പരസ്പരസമർപ്പണത്തിന്റെയും ത്യജിക്കലിന്റെയും ക്ഷമയുടെയും ശുശ്രൂഷയുടെയും ജീവിതമാണുള്ളത്. ഇപ്രകാരമുള്ള ജീവിതത്തിന്റെ അധ്വാന ഭാരങ്ങളും നൊമ്പരങ്ങളും ഉത്കണ്ഠകളും രോഗങ്ങളും ഇറക്കിവയ്ക്കുന്നിടമാണ് അൾത്താര യാകുന്ന ബലിക്കല്ല്. ഈ ബലിക്കല്ലിൽ ജീവിതക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹനങ്ങളും എല്ലാം സ്വർണ്ണം തീയിലിട്ടു ശുദ്ധിചെയ്യുന്നതുപോലെ ശുദ്ധിചെയ്യപ്പെടുന്നു.




"അന്ധരേ, ഏതാണ് വലുത്? കാഴ്ചവസ്തുവോ കാഴ്ചവസ്തുവിനെ പവിത്രമാക്കുന്ന ബലിപീഠമോ? ബലിപീഠത്തെക്കൊണ്ട് ആണയിടുന്നവൻ അതിനെക്കൊണ്ടും അതിന്മേലുള്ള വസ്തുക്കളെക്കൊണ്ടും ആണയിടുന്നു" (മത്താ 23,19). വിശുദ്ധിയുടെ ഇരിപ്പിടമാണ് ബലിക്കല്ല്. കാരണം, പരിശുദ്ധനായവന്റെ ഇരിപ്പിടമാണ് അൾത്താരയാകുന്ന ബലിക്കല്ല്. ബലിക്കല്ലിനെ അമൂല്യമാക്കുന്ന ഈശോയുടെ തിരുശരീരരക്തമാണ് പരമപ്രധാനം. ഈശോയുടെ ജീവിത ബലിയോടുചേർത്ത് നമ്മുടെ ജീവിതവും ബലിയായി അർപ്പിക്കുമ്പോഴാണ് നമ്മുടെ ജീവിത ങ്ങളും വിശുദ്ധീകരിക്കപ്പെടുന്നത്. ഹെബ്രായർക്കുള്ള ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ഇതിനാൽ, അവൻ ലോകത്തിലേക്കു പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കി യിരിക്കുന്നു" (ഹെബ്രാ 10,5).

ദൈവവുമായുള്ള ബന്ധത്തിന്റെ ഒരു നിതാന്തദർശനമാണ് ബലിക്കല്ല്. പഴയനിയമത്തിൽ പലയിടത്തും അതു കാണാൻ സാധിക്കുന്നുണ്ട്. അബ്രാഹത്തിന്റെ ബലിയിലും യാക്കോബിന്റെ ബലിയിലും ഇതു സുവ്യക്തമാണ്. ഓരോ ദിനത്തിലും ജീവിതപ്രതീക്ഷകൾ അർപ്പിച്ച് ആരം ഭിക്കേണ്ടത് ഈ ബലിക്കല്ലിൽ നിന്നാവണം. ഈശോനാഥൻ ഇപ്രകാരം അരുളിച്ചെയ്യുന്നുണ്ട്:

“എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുക സാധ്യമല്ല” (യോഹ 15,5). ഏതൊരു രംഗത്തും ഫലം പുറപ്പെടുവിക്കുന്നവരാകണമെങ്കിൽ നാം ഈശോയോടു ചേർന്നുനില്ക്കുന്നവരാകണം. നമ്മുടെ പ്രവർത്തനങ്ങളിൽ, അധ്വാനങ്ങളിൽ, പ്രതിസന്ധികളിൽ, രോഗങ്ങളിൽ, സഹനങ്ങളിൽ നാം ഈശോയെ ചേർത്തുനിർത്തണം; ക്ലേശങ്ങളിൽ, സന്ദിഗ്ദ്ധാവസ്ഥയിൽ ഈശോയെ അള്ളിപ്പിടിക്കണം. ഇവയെല്ലാം എപ്രകാരമാണ് തരണം ചെയ്യേണ്ടതെന്ന് ഈശോ സ്വജീവിതത്തിലൂടെ നമുക്കു കാണിച്ചുതന്നു. തന്റെ പിതാവുമായുള്ള ഒരു നിരന്തര ബന്ധത്തിലൂടെയാണ് ഈശോ ചരിച്ചത്: പിതാവു പറയുന്നവ മാത്രം ചെയ്യുന്ന ഈശോ.


ബലിക്കല്ലുമായി ചെറുപ്പത്തിൽതന്നെ ഒരു ബന്ധം ഉണ്ടാകുന്ന വ്യക്തിക്ക് വിശ്വാസജീവിതത്തിന്റെ ആഴങ്ങളിൽ ജീവിക്കുവാൻ അതു സഹായകമാകും. അതിനാലാണ് സുഭാഷിതങ്ങളുടെ പുസ്തകം ഇപ്രകാരം പറയുക: “ശൈശവത്തിൽതന്നെ നടക്കേണ്ടവഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽനിന്നു വ്യതിചലിക്കുകയില്ല” (സുഭാ 22,6). ജീവിതത്തിന്റെ പ്രത്യേക ദിനങ്ങളിൽ (ജന്മദിനം, പരീക്ഷകൾ, ഇന്റർവ്യൂകൾ, വിവാഹ വാർഷികം etc.) മാത്രമാകാതെ, കഴിയുന്ന ദിവസങ്ങളിലെല്ലാം ബലിയിൽ പങ്കുചേരാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക. ബലിയർപ്പണം അവരുടെ ആവശ്യമായി മാറത്തക്കവിധം വിശ്വാസം അവരിൽ രൂഢമൂലമാകണം.

തങ്ങളുടെ ജീവിതങ്ങളെ - അനുഭവങ്ങളെ ഈശോയുടെ ബലിക്കല്ലിൽ കർത്താവിന്റെ കുരിശിനോടു ചേർത്തണച്ച് പ്രാർത്ഥിക്കുന്ന വ്യക്തികളും കുടുംബങ്ങളും ജീവിതത്തിന്റെ ഏതു നെരിപ്പോടിലും വെന്തുനീറില്ല, തകർച്ചകളിൽ തളരില്ല, പ്രതിസന്ധികളിൽ പതറില്ല. കാരണം, അവൻ യഥാർത്ഥ അഭയശിലയെയാണ് സമീപിച്ചിരിക്കുന്നത്. ഒരു കുന്നിന് ഒരു കുഴി എന്നതുപോലെ മനുഷ്യജീവിതത്തിൽ രോഗമോ, ക്ലേശമോ, വേദനയോ, ദുഃഖമോ, പ്രതിസന്ധികളോ ഉണ്ടാകുമ്പോൾ ദൈവം തന്റെ കൃപ നല്കിക്കൊണ്ട് സൗഖ്യമായി, ആശ്വാസമായി, സാന്ത്വനമായി, ശക്തിയായി കൂടെയുണ്ടാവും. ഒരുവന് ഈ ബോധ്യം ലഭിക്കുന്നത് ബലിയുടെ ജീവിതത്തിൽനിന്നാണ്. ഈ വിശ്വാസമാണ് ഒരു ക്രിസ്ത്യാനിയുടെ ബലം. നമ്മുടെ ബലഹീനതയിലാണ് ദൈവത്തിന്റെ ശക്തി വെളിപ്പെടുന്നത്. നമ്മുടെ കുറവുകളിൽ കർത്താവിന്റെ കൃപ നിറയുവാൻ നമ്മെത്തന്നെ ദൈവകരങ്ങളിൽ വിട്ടുകൊടുക്കാം.

## Spirituality Centre Programme

### March

| | |
|---|---|
| 07 | Social Animators' Meet |
| 10-11 | Cenacle Gathering (Sodales & Aspirants) |
| 14 | School of Bible |
| 21 | Recollection for Oblates |
| 22-27 | Liturgical Retreat |



# പരമാവധി സ്നേഹത്തിന്റെ കാഹളധ്വനി

**മേഴ്സി വെട്ടിക്കുഴക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു... നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേല്പിക്കപ്പെട്ടു... അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ 53,4-5). ഐസയാസിന്റെ പ്രവചനത്തിന് ഊന്നൽകൊടുത്തുകൊണ്ട് കാൽവരിയിലെ കുരിശിലേക്ക് ഒരുനിമിഷം കാതോർക്കാം, അവിടെ നമുക്ക് സ്നേഹത്തിന്റെ കാഹളധ്വനി കേൾക്കാം!

"ഞാൻ കുരിശിൽ ഉയർത്തപ്പെടുമ്പോൾ സകല മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (യോഹ 12,32). സകല മനുഷ്യരെയും തന്നിലേക്ക് ആകർഷിച്ച ക്രൂശിതന്റെ സന്ദേശം ഇന്ന് ലോകജനതയ്ക്ക് ആകർഷണമോ വികർഷണമോ? ലോകാവസാനംവരെ തുടരേണ്ട ആകർഷണം! ബലിദാനമായി ഏകജാതനെ നല്കുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച പിതാവിന്റെ സ്നേഹത്തിന്റെ ആകർഷണം! (യോഹ 3,16). കുരിശിൽ ഉയർത്തപ്പെട്ട്, ഉത്ഥാനത്തിലൂടെ വിജയശ്രീലാളിതനായി ലോകത്തെ മുഴുവനും തന്നിലേക്ക് ആകർഷിച്ച പുത്രനായ ഈശോയുടെ സ്നേഹം! രക്ഷണീയകർമ്മം പൂർത്തീകരിച്ച പരിശുദ്ധ റൂഹായുടെ സ്നേഹം! അത് വിശ്വത്തോളം വലുതാണ്. ആ സ്നേഹാർദ്രഹൃദയമാണ് കുരിശിൽ മനുഷ്യകുലത്തിനായി പിളർക്കപ്പെട്ടതും ലോകത്തെ മുഴുവൻ ആകർഷിക്കുന്നതും.

നല്ലവനായ ദൈവം തന്റെ കരവിരുതായ ഓരോ മനുഷ്യനെയും എത്രമാത്രം സ്നേഹിക്കുന്നുവെന്ന് മാനവകുലം മനസ്സിലാക്കണം എന്ന് അവിടുന്ന് ആഗ്രഹിച്ചു. ആരെയും മാറ്റി നിർത്താതെ സകലരേയും ഉൾക്കൊള്ളുന്ന സാർവത്രിക സ്നേഹമാണ് പുത്രനായ ഈശോയിലൂടെ വെളിപ്പെട്ട കുരിശിലെ സ്നേഹം. ദുഃഖിതരെയും പീഡിതരെയും നിന്ദിതരെയും നിരാശ്രയരെയും വാരിപ്പുണരുവാൻ കഴിയുന്ന വിശേഷാത്തര സ്നേഹം! എത്ര വലിയ പാപം ചെയ്ത് അകന്നുപോയവരോടും കുറയാത്ത, മാറ്റമില്ലാത്ത സ്നേഹം സദാ ഒഴുക്കിക്കൊണ്ടിരിക്കുന്നു. "എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്, നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും" എന്ന് ജറെമിയാ പ്രവാചകനിലൂടെ (ജറെ 31,4) അരുളിച്ചെയ്ത ദൈവസ്നേഹം കാൽവരി കുരിശിൽ പൂർണ്ണമാകുന്നു. ഈശോയെപ്പോലെ സ്നേഹിക്കാനും ക്ഷമിക്കാനും നന്മചെയ്യാനും തയ്യാറാകുമ്പോൾ നാമും ആ സ്നേഹത്തിന്റെ ഉച്ചാവസ്ഥയിലെത്തുന്നു. സ്നേഹത്തെപ്രതിയുള്ള സഹനം നമ്മെ സന്തോഷത്തിലേക്ക് നയിക്കും. അപ്പോൾ മാത്രമാണ് നമ്മുടെ സഹനത്തിന് അർത്ഥമുണ്ടാകുക.

കുരിശിന്റെ മാർഗ്ഗം ഉപേക്ഷിക്കുവാനുള്ള സാത്താന്റെ പ്രേരണയെ - അവന്റെ സകലവിധ കുതന്ത്രങ്ങളെയും പരാജയപ്പെടുത്തി, ത്യാഗപൂർണ്ണമായ കുരിശിന്റെ മാർഗ്ഗം - സഹനത്തിന്റെ മാർഗ്ഗം ഈശോ തിരഞ്ഞെടുത്തു. സ്വർഗീയപിതാവിനാൽ വിളിക്കപ്പെടുകയും പുത്രനായ ഈശോയാൽ രക്ഷിക്കപ്പെടുകയും പരിശുദ്ധ റൂഹായാൽ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന സഭാമക്കൾക്ക് ഈ കുരിശിന്റെ - സഹനത്തിന്റെ - മാർഗ്ഗമല്ലാതെ മറ്റൊരു മാർഗ്ഗമില്ല. അനുദിനം കുരിശെടുക്കുന്ന ജീവിതമാണ് ക്രിസ്തീയജീവിതം.



മാനസാന്തരത്തിന്റെയും അനുരഞ്ജനത്തിന്റെയും പാപമോചനത്തിന്റെയും അടയാളമായ കുരിശ് ഇന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നത് ഭിന്നതയും ശത്രുതയും വെറുപ്പും വിദ്വേഷവും ദൂരെയകറ്റി പരസ്പരം ക്ഷമിക്കുവാനും രമ്യപ്പെടുവാനുമാണ്. പരസ്നേഹത്തിന്റെ അടയാളമായ കുരിശിന്റെ അർത്ഥം നാം അറിയണം. ശൂന്യവൽക്കരണത്തിന്റെ പാഠമാണ് അത് നമ്മെ പഠിപ്പിക്കുന്നത്. മറ്റുള്ളവർക്കായി - അതായത്, നമ്മുടെ മാതാപിതാക്കൾക്കായി, സഹോദരങ്ങൾക്കായി, ജീവിതപങ്കാളിക്കായി, മക്കൾക്കായി, നമ്മെക്കൊണ്ട് ആവശ്യമുള്ള എല്ലാവർക്കുമായി പൂർണ്ണമായി വ്യയം ചെയ്യുന്ന ജീവിതം! ആത്മപരിത്യാഗത്തിന്റെയും പരമാർത്ഥതയുടെയും ജീവിതം! പോരാ, നമ്മിലെ അഹന്ത കൈവെടിഞ്ഞ് വിനയം അഭ്യസിക്കുവാനും അതു നമ്മെ നിർബന്ധിക്കുന്നു. വിദ്വേഷത്തിലും പിണക്കത്തിലും വൈരാഗ്യത്തിലും ജീവിച്ചാൽ നമ്മുടെ ജീവിതം അർത്ഥശൂന്യമാകും. ഭയലേശമെന്യേ ധൈര്യസമേതം ക്രൂശിതനോടൊപ്പം കുരിശിന്റെ പാതയെ നമുക്കു പിൻചെല്ലാം. അതിനുള്ള ശക്തി ആർജ്ജിക്കുവാൻ അനുദിനം അവിടുന്ന് നമ്മെ അൾത്താരയാകുന്ന കാൽവരിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. "അവന്റെ മുറിവിനാൽ നാം സൗഖ്യം പ്രാപിക്കും" (ഏശ 53,5) എന്ന ഏശയ്യാപ്രവചനം നാമോരോരുത്തരിലും നിറവേറട്ടെ. അപ്പോഴാണ് കാൽവരിയിൽ ഉയർത്തപ്പെട്ട കുരിശ് പരമാവധി സ്നേഹത്തിന്റെ പരമോന്നത സാക്ഷ്യമായി വിളങ്ങുക. അപ്പോൾ മാത്രമേ കാൽവരി കുരിശിൽ നിന്നും മുഴങ്ങിയ "എനിക്കു ദാഹിക്കുന്നു" എന്ന സ്നേഹത്തിന്റെ കാഹളധ്വനി നമുക്കു ശ്രവിക്കാനാവൂ.




സ്റ്റെഫി മംഗലത്തുകുന്നേൽ


**എസ്.**എസ്.എൽ.സി, പ്ലസ്ടു, എൻട്രൻസ്... എല്ലാ പരീക്ഷകളും ഒരുമിച്ചുവരുന്ന ഈ ദിവസങ്ങളിലാണ് നാം ഈശോയുടെ മരുഭൂമി അനുഭവവും തുടർന്നുണ്ടായ പരീക്ഷയും ധ്യാനിക്കുക. കോളേജിലെ സമർത്ഥയായ ഒരു വിദ്യാർത്ഥിനി ഓരോ പരീക്ഷയ്ക്കുമുമ്പും അടുത്തുവരും. അവളുടെ നെറ്റിയിൽ കുരിശുവരച്ചുകൊണ്ട് അവൾക്കുവേണ്ടി പ്രാർത്ഥിക്കണം. അതാണവളുടെ ആവശ്യം. അതിനുശേഷം മനോഹരമായ ഒരു പുഞ്ചിരി സമ്മാനിച്ചിട്ട് അവൾ പരീക്ഷാഹാളിലേക്ക് കയറും. സമർത്ഥയും കഠിനാധ്വാനിയുമായിരുന്നതിനാൽ അവൾ ക്ലാസ്സിൽ ഒന്നാം സ്ഥാനം നേടിയെന്നറിഞ്ഞപ്പോൾ അത്ഭുതം തോന്നിയില്ല. പിറ്റേന്നുവന്ന ഫോൺകോളാണ് എന്നെ അത്ഭുതപ്പെടുത്തിയത്. ഒരുപാടുപേർ പരീക്ഷയ്ക്കുമുമ്പ് പ്രാർത്ഥന ചോദിക്കാറുണ്ട്. കഴിയുമ്പോൾ എളുപ്പമായിരുന്നു, ബുദ്ധിമുട്ടായിരുന്നു എന്നൊക്കെ പറയും. റിസൾട്ട് വരുമ്പോൾ ചിലരെങ്കിലും വിളിച്ചറിയിക്കും. പക്ഷേ ഇവൾ വിളിച്ചത് ആത്മാർത്ഥമായി നന്ദി പറയാനായിരുന്നു. സ്വാഭാവികമായി തന്നെ ഉയർന്ന മാർക്കുവാങ്ങാൻ കഴിവുണ്ടായിരിക്കുകയും അതു നേടുകയും ചെയ്യുമ്പോഴും അതെല്ലാം ദൈവകൃപയാണെന്ന് മനസ്സിലാക്കുന്നവരെ ആധുനികലോകം പുച്ഛിച്ചുതള്ളിയേക്കാം. പക്ഷേ ഇവരെ സംബന്ധിച്ച് സുവിശേഷം സത്യമാണ് പറയുന്നത്, "ഉള്ളവനു കൂടുതൽ നൽകപ്പെടും" കാരണം ദൈവം നൽകിയ താലന്തുകൾ വേണ്ടവിധം വിനിയോഗിക്കാൻ അവർക്കറിയാം.

നോമ്പുകാലം ഒരു തിരിഞ്ഞുനോട്ടത്തിന്റെ സമയമാണ്. ദൈവം നൽകിയ താലന്തുകൾ ഞാൻ എങ്ങനെ വിനിയോഗിച്ചു? മാമ്മോദീസായിൽ ലഭിച്ച വരപ്രസാദത്തിനനുസൃതം ഞാൻ എങ്ങനെ ജീവിച്ചു? 'നീ എന്റെ പുത്രനാണ്', 'ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' എന്നതൊക്കെ ദൈവത്തിന് നമ്മെക്കുറിച്ചുള്ള

സ്വപ്നത്തിന്റെ ബഹിർസ്ഫുരണമാണ്. ഈ സ്വപ്നം സാക്ഷാത്കരിക്കുവാൻ ഞാൻ എങ്ങനെ അധ്വാനിച്ചു? അനുകൂലസാഹചര്യങ്ങൾ ഏറെ ദൈവം നൽകിയിരുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം നിരന്തരം നമ്മുടെ ഹൃദയത്തിലുണ്ട്. ശക്തിപ്പെടുത്താൻ പരിശുദ്ധ കുർബാനയും വീഴ്ചയിൽനിന്നും വിടുതൽ നേടാൻ കുമ്പസാരവും, എങ്ങനെ ജീവിക്കണമെന്നറിയാൻ സഭാപ്രബോധനങ്ങളുമുണ്ട്. ശുദ്ധീകരണത്തിനായി സഹനവും നൽകി. വിമർശനവിഷയമാക്കുന്നതിലുപരി ഇവയൊക്കെ എന്റെ ജീവിതവിശുദ്ധീകരണത്തിനായി ഞാൻ സ്വീകരിച്ചോ?

എനിക്കു തന്ന താലന്ത് ഞാൻ എന്തു ചെയ്യുന്നു? അതുകൊണ്ട് ഏറെ നേടിയോ അതോ കുഴിച്ചിട്ടോ? വിശുദ്ധിയുടെ വിത്ത് എന്റെ ഉള്ളിൽ നിക്ഷേപിച്ച ദൈവം ഇന്ന് എന്നോട് കണക്കു ചോദിച്ചാൽ അതിന്റെ വളർച്ച എവിടെ? മറ്റുള്ളവരുടെ വളർച്ച നോക്കിനിന്ന ഞാൻ ദൈവം എനിക്ക് വെള്ളവും വളവും നൽകിയത് അറിയാതെ പോയോ? ആത്മാർത്ഥമായ ഒരു ആത്മശോധനയും പ്രായശ്ചിത്തവും വഴി നമ്മുടെ ആത്മാവിനെ നമുക്ക് വിശുദ്ധീകരിക്കാം. ഈ നോമ്പുകാലത്തിൽ നമ്മുടെ വിശുദ്ധിമാത്രമാകട്ടെ നമ്മുടെ ലക്ഷ്യം. ആത്മാർത്ഥമായ പരിശ്രമത്തിന് ദൈവം പ്രതിഫലം നൽകും. മറക്കരുതേ, സഹനങ്ങളൊക്കെ ഈ യാത്രയിൽ നമുക്കു ലഭിക്കുന്ന വെള്ളവും വളവും തന്നെയാണ്. ലഭിക്കുന്ന ഓരോ അവസരത്തെയും നന്നായി വിനിയോഗിച്ചുകൊണ്ട് കൂടുതൽ വിശുദ്ധരാകാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. കൂടുതൽ വിനിയോഗിക്കുന്തോറും കൂടുതൽ ദൈവകൃപ നമ്മെ തേടി എത്തും.






ഷിജി പറപ്പള്ളിയാത്ത്

# റൂബൻ

**യാ**ക്കോബിന്റെ രണ്ടു ഭാര്യമാരായിരുന്നു ലെയായും റാഹേലും. അമ്മാവനായ ലാബാന്റെ  രണ്ട് പെൺമക്കൾ. യാക്കോബിന് ലെയായെക്കാൾ കൂടുതൽ സ്നേഹം റാഹേലിനോടായിരുന്നു. ലെയാ വേദനിക്കുന്നവളായി ദൈവം കണ്ടതിനാൽ, അവൾക്ക് കുഞ്ഞുങ്ങളെ നല്കി. ലെയായിൽ യാക്കോബിനുണ്ടായ കടിഞ്ഞൂൽപുത്രനാണ് റൂബൻ. "കർത്താവ് എന്റെ കഷ്ടതകൾ കണ്ടു" എന്നു പറഞ്ഞ് ലെയാ തന്റെ മകനെ റൂബൻ എന്നു വിളിച്ചു (ഉല്പ 29,32). സഹോദരങ്ങളോട് കരുണയുടെ കരുതലുള്ള ഹൃദയഭാവം റൂബനുണ്ടായിരുന്നു. സഹോദരനായ ജോസഫിനെ മറ്റു സഹോദരങ്ങൾ വധിക്കാൻ ഗൂഢാലോചന നടത്തിയപ്പോൾ റൂബന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു: "നമുക്കവനെ കൊല്ലേണ്ടാ. രക്തം ചിന്തരുത്. അവനെ നിങ്ങൾ മരുഭൂമിയിലെ ഈ കുഴിയിൽ തള്ളിയിടുക. പക്ഷേ ദേഹോപദ്രവമേല്പിക്കരുത്. അവനെ അവരുടെ കയ്യിൽനിന്നു രക്ഷിച്ച് പിതാവിനു തിരിച്ചേല്പിക്കാനാണ് അവൻ അങ്ങനെ പറഞ്ഞത്" (ഉല്പ 37,21-24). കച്ചവടക്കാർ ജോസഫിനെ കുഴിയിൽനിന്നെടുത്ത് ഈജിപ്തിലേക്കു കൊണ്ടുപോയപ്പോൾ റൂബൻ തന്റെ വസ്ത്രം വലിച്ചുകീറി കരഞ്ഞു.

പിന്നീടൊരവസരത്തിൽ ക്ഷാമമകറ്റാൻ യാക്കോബിന്റെ മക്കൾ ഈജിപ്തിൽ ധാന്യം വാങ്ങുവാൻ എത്തിയപ്പോൾ, അവരെ ചാരന്മാരായി കരുതുകയും 'ഇളയ സഹോദരനെ കൊണ്ടുവന്നിട്ടല്ലാതെ നിങ്ങൾ നാടുവിടുകയില്ല' എന്ന് അധികാരിയുടെ (ജോസഫിന്റെ) ആജ്ഞയുണ്ടാകുകയും ചെയ്തപ്പോൾ, ബാലനായ ബഞ്ചമിനെ തന്നോടൊത്ത് അയ്ക്കാൻ സ്വപിതാവിനോടു റൂബൻ യാചിക്കുന്നു. "ഞാൻ അവനെ തിരികെ കൊണ്ടുവന്നില്ലെങ്കിൽ എന്റെ മക്കളെ രണ്ടുപേരെയും കൊന്നുകൊള്ളുക. അവനെ എന്റെ കയ്യിലേല്പിക്കുക; ഞാൻ അവനെ അങ്ങയുടെ അടുത്തു തിരികെ കൊണ്ടുവന്നുകൊള്ളാം" (ഉല്പ 42,37). എത്ര വികാരസാന്ദ്രമായ മൊഴികൾ!

പക്ഷേ, ലാളിച്ചുവളർത്തപ്പെട്ട ഒരു കടിഞ്ഞൂൽപുത്രന്റെ എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിട്ടും, എല്ലാ നന്മകളും ഉണ്ടായിട്ടും അവൻ ശപിക്കപ്പെട്ടവനായി. സ്വപിതാവിന്റെ ഉപനാരിയുമായുള്ള അവിഹിതബന്ധം എല്ലാ സൗഭാഗ്യങ്ങളും ഇല്ലാതാക്കി. നിമിഷനേരത്തെ കാമഭ്രാന്ത്! അന്ധകാരം നിറഞ്ഞ ജീവിതത്തിലേക്ക് - ശപിക്കപ്പെട്ട ജീവിതത്തിലേക്ക് അവൻ വലിച്ചെറിയപ്പെട്ടു. അനുഗ്രഹത്തിന്റെ എല്ലാ വാതിലുകളും അടഞ്ഞു. ബിൽഹായുമായുള്ള ബന്ധം അവന്റെ തലമുറകൾക്കും നിർഭാഗ്യകരമായിത്തീരുന്നു.



പിതാവായ യാക്കോബ് മക്കൾക്കുള്ള അന്ത്യഅനുഗ്രഹം നല്കുമ്പോൾ റൂബനോടു പറയുന്നു, "റൂബൻ, നീ എന്റെ കടിഞ്ഞൂൽപുത്രനാണ്. എന്റെ ശക്തിയും എന്റെ പൗരുഷത്തിന്റെ ആദ്യഫലവും. അഹങ്കാരത്തിലും ശക്തിയിലും നീ മുമ്പൻതന്നെ. വെള്ളംപോലെ അസ്ഥിരനായ നീ മുമ്പനായി വാഴില്ല. എന്തെന്നാൽ നീ പിതാവിന്റെ കിടക്കയിൽ കയറി അത് അശുദ്ധമാക്കി" (ഉല്പ 49,3-4). അവസരങ്ങൾ ലഭിച്ചെങ്കിലും അവ വേണ്ടവിധം വിനിയോഗിക്കാത്തവരാണ് റൂബന്റെ സന്തതിപരമ്പരകൾ (സംഖ്യ 32). ആടുമാടുകൾ ധാരാളമുള്ളതിനാലും യാസേർ,

ഗിലയാദ് ദേശങ്ങൾ നല്ല മേച്ചിൽസ്ഥലങ്ങളായതിനാലും മോശയോട് തങ്ങൾക്കുള്ള വിഹിതമായി ജോർദ്ദാന്റെ ഇക്കരെയുള്ള പ്രദേശങ്ങൾ ചോദിക്കുന്നു. അതുപോലെ ഇസ്രായേലിന്റെ 12 ഗോത്രങ്ങളിൽ ശപിക്കാനായി നിർത്തപ്പെട്ടവരുടെ പട്ടികയിൽ റൂബന്റെ പിൻതലമുറയുണ്ട് (നിയ 27,11-13). അവന്റെ വംശം പ്രവാചകന്മാർക്കോ ന്യായാധിപന്മാർക്കോ വിജ്ഞന്മാർക്കോ ജന്മം നല്കിയില്ല. അവർ ജോർദ്ദാന്റെ കിഴക്ക് ആരോനും ഗിലയാദിനുമിടയ്ക്കുള്ള പുൽമേടുകളിൽ ആടുകളെ മേയിച്ചു നടന്നു (നിയ 3,12).


ജോർദ്ദാന്റെ അക്കരെയുള്ള ജീവിതത്തിന് അവസരം ലഭിച്ചാലും അവയെല്ലാം കൈവിടുന്ന നിമിഷസുഖം വെടിയുവാൻ ഇന്നും തലമുറകൾ മടിക്കുന്നു. സുഖമുള്ള മേച്ചിൽ അനുഗ്രഹത്തിനു പകരം ശാപം വിതയ്ക്കുമെന്ന് അറിയാൻ വൈകുന്നു. ചിന്തിക്കാം... ജീവിതം ജോർദ്ദാന്റെ അക്കരെയോ, ഇക്കരെയോ?

**റൂബന്റെ ജീവിതപാഠം**

**-കരുണയുടെ ഹൃദയഭാവം സൂക്ഷിക്കുക**

**-അസ്ഥിരസ്വഭാവം വെടിയുക**

**-സുഖങ്ങളെക്കാൾ അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുക**



# കാവലാൾ-21





**ജാൻസി ടീച്ചർ**
**കറുകപ്പമ്പിൽ**

സ്റ്റീനായുടെ ക്ലാസ്സിലെ ദേവപ്രഭ അന്നവളെ കാണാൻ ശാലയിൽ വന്നു. കരഞ്ഞു കലങ്ങിയ അവളുടെ കണ്ണുകൾ കണ്ടപ്പോൾ സ്റ്റീനാ ചോദിച്ചു: "എന്താ പ്രഭേ, നിനക്കെന്തു പറ്റി?''

"അത്... ഞാൻ ഒരു വലിയ സങ്കടത്തിലാ സ്റ്റീനാ... എന്റെ അച്ഛൻ ആശുപത്രിയിലാ, കിഡ്നിക്കു പ്രശ്നമായി. ഒത്തിരിപ്പേരു സഹായിച്ചു. കിഡ്നി മാറ്റിവയ്ക്കണം. പക്ഷേ, കിഡ്നി കിട്ടിയില്ല".

"പ്രഭേ, നീ എന്റെകൂടെ ചാപ്പലിൽ ഒന്നു വരാമോ... മാതാവു തരും"

പ്രഭ അവൾക്കൊപ്പം ചാപ്പലിൽ മുട്ടുകുത്തി. 'എന്റെ മാതാവേ, എന്റെയീ കൂട്ടുകാരിയുടെ വേദന അമ്മ ഏറ്റെടുക്കണേ...'

അവൾ നിലവിളിച്ചു കരഞ്ഞു പ്രാർത്ഥിക്കുമ്പോഴാണ് മാഗിയമ്മ അവിടേയ്ക്കു വന്നത്. പ്രാർത്ഥന കഴിഞ്ഞ് അവർ ഇറങ്ങി വന്നപ്പോൾ മാഗിയമ്മ അവരോടു കാര്യങ്ങൾ തിരക്കി.

''മോളേ പ്രഭേ, നിന്റച്ഛനു ചേരുന്ന കിഡ്നിയാണെന്റേത്. ഞാൻ എന്റെ സുപ്പീരിയറിനോട് ചോദിച്ചു വിവരം പറയാം. നീ പ്രാർത്ഥിക്ക്".

അന്നു സ്റ്റീനാ ഉപവാസം നിന്നു. മാഗിയമ്മ പ്രൊവിൻഷ്യാളമ്മയെ കണ്ടു തിരികെ വരുന്നതുവരെ അവൾ ചാപ്പലിൽതന്നെയായിരുന്നു. മാഗിയമ്മ തിരികെ വന്ന് അവളെ അന്വേഷിച്ചു. അവൾ ആഗ്രഹിച്ചതുപോലെ തന്നെ മറുപടിയെത്തി. “പ്രൊവിൻഷ്യാളമ്മ സമ്മതിച്ചു. നീ നിന്റെ കൂട്ടുകാരിയെ വിവരമറിയിക്ക്”.

ദേവപ്രഭയുടെ വീട്ടിലേക്ക് സ്റ്റീനാ ഓടിപ്പോവുകയായിരുന്നു. വിവരമറിഞ്ഞപ്പോൾത്തന്നെ അവരുടെ ബന്ധുക്കൾ മഠത്തിലെത്തി. അന്നു വൈകുന്നേരം അത്താഴം കഴിഞ്ഞ് സ്റ്റീനാ മാഗിയമ്മയുടെ മുറിയിലെത്തി. പതിവുകൾക്കു വിപരീതമായി മുറിയിൽ ക്രൂശിതരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി കൈ വിരിച്ചു പ്രാർത്ഥിക്കുന്ന മാഗിയമ്മയെയാണ് അവൾ കണ്ടത്. തന്റെ ശരീരത്തിലെ ഒരു ഭാഗം വേറൊരാൾക്കു മുറിച്ചുനല്കാൻ സമ്മതംമൂളി നില്ക്കുന്ന ആ സിസ്റ്ററിനോട് ഇന്നുവരെ തോന്നാത്ത ഒരു പ്രത്യേക ആദരവ് അവൾക്കു തോന്നി. പലപ്പോഴും തെറ്റിദ്ധരിച്ച ഈ സിസ്റ്റർ ഇത്രയും വലിയ ഒരു മനസ്സിന്റെ ഉടമയായിരുന്നല്ലോ... സ്വന്തം ശരീരവും രക്തവും മനുഷ്യനു തന്ന ദൈവപുത്രന്റെ സ്നേഹം അവളോർത്തു.

മാഗിയമ്മ കിഡ്നി നല്കിയ പ്രഭാകരൻ സുഖം പ്രാപിച്ചു. അന്നു ചാപ്പലിൽ പ്രാർത്ഥന കഴിഞ്ഞ് പുറത്തിറങ്ങിയ സ്റ്റീനാ കാലുതെന്നി മുഖമടിച്ചു വീണു. ആശുപത്രിയിൽ കൊണ്ടുചെല്ലുമ്പോഴും അവൾക്കു ബോധം വീണിരുന്നില്ല. രണ്ടു ദിവസങ്ങൾ പ്രാർത്ഥനയോടെ കഴിഞ്ഞു. മൂന്നാം ദിവസം അവൾ തിരികെ ജീവിതത്തിലേക്ക് എത്തി. പക്ഷേ ഇടതുവശം തളർച്ച ബാധിച്ച തരത്തിലായെന്ന് ഡോക്ടർമാർ പറഞ്ഞു. കുഞ്ഞാന്റിയും ഭർത്താവും തങ്ങളുടെ വീട്ടിലേക്ക് അവളെ കൊണ്ടുവന്നു.

ദിവസങ്ങൾ നീണ്ട പരിചരണങ്ങൾ കഴിഞ്ഞപ്പോൾ അവൾ കുഞ്ഞാന്റിയോടു ചോദിച്ചു: ''ഞാൻ ഒരു ഭാരമായോ കുഞ്ഞാന്റീ...?"

“എന്റെ പൊന്നുമോളേ, നീ ഒരിക്കലും അങ്ങനെ ചിന്തിക്കരുത്. ദൈവത്തിന്റെ പ്രിയപ്പെട്ട മോളെ ഞങ്ങളുടെ കൂടെയാക്കുവാൻ ദൈവം തീരുമാനിച്ചു. അങ്കിളിന്റെ ആശ്വാസവചനവും അങ്കിളിന്റെ അമ്മയുടെ പ്രാർത്ഥനയുമെല്ലാം താൻ അനാഥയല്ല എന്ന ചിന്ത അവളിൽ ജനിപ്പിച്ചു.

വിശ്രമം കഴിഞ്ഞ മാഗിയമ്മ സ്കൂൾ തുറക്കുന്നതിനു തലേദിവസം അവളെ കാണാനെത്തി. മാഗിസിസ്റ്ററിനൊപ്പംവന്ന മിനിക്കുട്ടി അവളുടെ കൈകളിൽ തൊട്ടുനോക്കി.

“ചേച്ചി എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്ന ആളല്ലേ? എന്നിട്ടു ചേച്ചിക്കുവേണ്ടിയെന്താ പ്രാർത്ഥിക്കാത്തെ? ചേച്ചി ഇല്ലാതെ ഒരു രസവുമില്ല”.

“മാഗിയമ്മേ, ഈ ഒരു വർഷം എനിക്കു സഹിക്കാൻ തന്നതാ ഈശോ; പ്രാർത്ഥിക്കാനും... ഞാൻ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചോളാം”.

അവർ സംസാരിച്ചു പുറത്തിറങ്ങിയപ്പോൾ മിനിക്കുട്ടി മാഗിയമ്മയോടു പറഞ്ഞു: “അതേയ്.. ആ മുറിയിൽ മാതാവുണ്ട്. അമ്മയുടെ മണം എനിക്കു കിട്ടി”.

മാഗിസിസ്റ്ററിനും അതു മനസ്സിലായി. ഒരുപക്ഷേ ഒരു സിസ്റ്ററായിട്ടും അവൾ അന്നു പറഞ്ഞ കാര്യം തനിക്കു പിടി കിട്ടിയിരുന്നില്ല. രോഗക്കിടക്ക അൾത്താരയാണെന്നും രോഗി ബലിവസ്തുവാണെന്നുമുള്ള സത്യം... ഇപ്പോഴതു ബോധ്യമായി.

(തുടരും)

# നന്മമരങ്ങളാകുക

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ജീവന്റെ പ്രത്യേകതയാണ് ചലനം. ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്ന രക്തം ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും സഞ്ചരിക്കുമ്പോൾമാത്രമാണ് ഊർജ്ജവും ഓജസ്സും ലഭിക്കുന്നത്. നിർജ്ജീവശരീരത്തിൽ പ്രാണവായുവിനും ചലനമില്ല. രക്തവും ജീവശ്വാസവുംപോലെ നന്മയും തളംകെട്ടിക്കിടക്കാനുള്ളതല്ല; ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പ്രസരിക്കുവാനുള്ളതാണ്. ജലാശയത്തിൽവീണ കല്ല് ഉപരിതലം മുഴുവൻ അലകളുണർത്തുന്നതുപോലെ ജനസമൂഹം മുഴുവനിലും നന്മയുടെ പ്രസരണങ്ങളുണ്ടാവണം.

ആംഗലേയ കവിയായ ഹെൻറി ബർട്ടൺ വിരചിച്ച പ്രസിദ്ധമായ ഒരു കവിതയാണ് 'Pass it on' - കൈമാറുക എന്നർത്ഥം. നമ്മുടെയൊക്കെ ജീവിതത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ മറ്റുള്ളവരിൽനിന്നും എത്രമാത്രം നന്മകൾ സ്വന്തമാക്കിയവരാണ് നാം എന്നു മനസ്സിലാകും. ജനനം മുതൽ ഇന്നുവരെ എത്രയോ വ്യക്തികൾ നമുക്കു ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങൾക്കും ഉയർച്ചയ്ക്കും പിന്നിലുണ്ട് എന്ന കാര്യം നമ്മിലെത്ര പേർ അനുസ്മരിക്കുന്നുണ്ട്? ഓർമ്മിച്ചെങ്കിൽത്തന്നെ അത് അത്ര വലിയ കാര്യമായി പരിഗണിക്കാറില്ല എന്നതാണ് വാസ്തവം. വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും കരുതലിന്റെയും കരുണയുടെയും കരം പിടിക്കാൻ എത്രയോ നന്മ നിറഞ്ഞ മനസ്സുകളെ ദൈവം നമുക്കായി ഒരുക്കി? അവരിലൂടെ നമുക്കു ലഭിച്ച, ഇന്നും ലഭിച്ചുകൊണ്ടിരിക്കുന്ന നന്മകൾ നമുക്കുവേണ്ടിമാത്രം നല്കപ്പെടുന്ന ഒന്നല്ല. അതുകൊണ്ട് നമുക്ക് ലഭിക്കുന്ന നന്മകൾ അപരനു കൈമാറാനുള്ള കടമ നമുക്കുണ്ട് എന്നാണ് തന്റെ കവിതയിലൂടെ ബർട്ടൺ നമ്മെ ഓർമ്മിപ്പിക്കുക.

വലിയ നോമ്പിന്റെ ദിനങ്ങളിലൂടെ നാം കടന്നുപോകുകയാണല്ലോ. ആത്മശോധനയുടെയും അനുതാപത്തിന്റെയും ചിന്തകൾ ജീവിതത്തെ ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു നയിക്കുന്ന, തപശ്ചര്യയുടെ നല്ല നാളുകൾ. ഇന്നുവരെ തുടർന്ന ജീവിതശൈലിയിൽനിന്നുമാറി ദൈവത്തിലേക്കും മനുഷ്യന്റെ ആവശ്യങ്ങളിലേക്കും ചിന്തകളും മനസ്സും ഉയർത്തുന്ന മനോഹരമായ മുഹൂർത്തം. ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ബാഹ്യമായ ആചരണങ്ങളല്ല നോമ്പിന്റെ സാരം എന്ന് വ്യക്തമാക്കിത്തരുന്നുണ്ട് ഏശയ്യാപ്രവാചകന്റെ വാക്കുകൾ: "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്. അപ്പോൾ നിന്റെ വെളിച്ചം പുലരിപോലെ പൊട്ടിവിടരും. ... മർദ്ദനവും കുറ്റാരോപണവും ദുർഭാ




**പിതൃമൊഴി**

> ***"എല്ലാവർക്കും നന്മ ചെയ്യുക. എല്ലാവരിലും പ്രത്യേകിച്ച് കൂടുതൽ ആവശ്യമുള്ളവരിലും ദൈവത്തിന്റെ മുദ്ര പതിപ്പിക്കുക. ഇതാണ് സ്നേഹത്തിന്റെ ഏറ്റവും പൂർണ്ണമായ രൂപവും പ്രേഷിതത്വത്തിന്റെ ഏറ്റവും മനോഹരമായ പ്രകാശനവും"***
>
> ***(ദൈവദാസൻ ബിഷപ്പ് വില്യം ജക്വീന്താ)***

ഷണവും നിന്നിൽനിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നല്കുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും" (ഏശ 58,6-10).

നല്ല ഫലങ്ങൾ കായ്ക്കുന്ന നല്ല വൃക്ഷങ്ങളായി ജീവിതം മാറ്റപ്പെടുമ്പോഴാണ് ഫലം കൊണ്ട് വൃക്ഷത്തെ തിരിച്ചറിയാൻ, ക്രിസ്തീയജീവിതശൈലി മനസ്സിലാക്കാൻ മറ്റുള്ളവർക്കു സാധിക്കുക. സേവിക്കപ്പെടാനല്ല, മറിച്ച് സേവിക്കുവാൻ ഈ ലോകത്തിലേക്കു വന്ന ഈശോയുടെ മനോഭാവമായിരിക്കട്ടെ നമ്മുടേത്. ദൈവത്തിന്റെ ദാനമായ ഈ ജീവിതത്തിൽ നമുക്കു ദൈവം തന്നിരിക്കുന്നവ മറ്റുള്ളവർക്കു ദാനം ചെയ്യുവാൻ, നന്മ പകരാൻ നമുക്കു സാധിക്കേണ്ടതുണ്ട്. നമ്മുടെ വാക്കുകളും ചെയ്തികളും മറ്റുള്ളവർക്കു പ്രിയങ്കരങ്ങളായിരിക്കട്ടെ. കനൽവഴികളിൽ ചവിട്ടി നില്ക്കുന്നവർക്ക് ആശ്വാസത്തിന്റെ നനവേകട്ടെ നമ്മുടെ നന്മ വറ്റാത്ത മനസ്സുകൾ.

ദയാവായ്പിന്റെ മധുകിരണം ഒരിക്കലെങ്കിലും ജീവിതത്തിൽ പ്രഭാതം ചൊരിഞ്ഞിട്ടുണ്ടോ? എങ്കിൽ അത് നിങ്ങളുടെ സഹോദരനായി കൈമാറുക. കരുണയും നന്മയും നമ്മിൽ തളംകെട്ടി നില്ക്കാതെ വത്സരങ്ങളിലൂടെ അത് വാഹിനിയായി ഒഴുകട്ടെ. ഭൂമിയിൽ സ്വർഗ്ഗം പണിതുയർത്തപ്പെടുന്നതുവരെ അപരന്റെ കണ്ണുനീർ തുടച്ചുനീക്കാൻ നിന്നിലെ നന്മയ്ക്കും കാരുണ്യത്തിനും കഴിയട്ടെ. സ്നേഹം എന്ന വാക്ക് ഒരിക്കലെങ്കിലും നിന്റെ ജീവിതത്തിൽ അർത്ഥം പകർന്നിട്ടുണ്ടെങ്കിൽ അത് നിന്റെ സഹോദരനായി കൈമാറുക, പരിക്ഷീണിതന് അത് ആശ്വാസം പകരട്ടെ. 'നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയാതിരിക്കട്ടെ' (മത്താ 6,4). അത്രയ്ക്കു രഹസ്യമായിരിക്കണം നിന്റെ ദാനധർമ്മമെന്ന് ഈശോ പഠിപ്പിച്ചിട്ടുണ്ടല്ലോ. 'നീ വിരുന്നു നടത്തുമ്പോൾ ഏഴകളെയും അംഗഹീനരെയും പകരം തരാനില്ലാത്തവരെയും ക്ഷണിക്കുക' എന്ന് വി. ഗ്രന്ഥം ഉപദേശിക്കുന്നതിന്റെ പൊരുൾ, നന്മപ്രവൃത്തികൾ നാടെങ്ങും കൊട്ടിഘോഷിക്കാനുള്ളതല്ല എന്നതാണ്. നാം ചെയ്യുന്ന നല്ല കാര്യങ്ങൾ ആരും അറിയാതെപോകുന്നു എന്ന ഭയം നമുക്കുണ്ടെങ്കിൽ അത് അടിസ്ഥാനരഹിതമാണ്. ദൈവം നാം ചെയ്യുന്ന ഓരോ നന്മപ്രവൃത്തിയും കണ്ടറിയുന്നുണ്ട്. നമ്മുടെ മനസ്സിന്റെ നേരിയ ചലനങ്ങൾപോലും അവിടുന്നറിയുന്നു. പ്രശസ്തിയും പ്രശംസയും വരികയോ പോവുകയോ ചെയ്യട്ടെ, നാം ചെയ്യുന്നത് ലോകം കാണുകയോ കാണാതിരിക്കുകയോ ചെയ്യട്ടെ, നമുക്ക് ഒന്നുമാത്രമേ ചെയ്യേണ്ടതുള്ളു - കൂടുതൽ കൂടുതൽ നന്മ ചെയ്യുക. അതിൽ ആത്മസംതൃപ്തി കണ്ടെത്തുക. അതായിരിക്കട്ടെ നമ്മുടെ ജീവിതവ്രതം.



# വഹിക്കാനാവാത്ത കുരിശുകൾ

**നെവിൻ മങ്ങാട്ട്**


**നോമ്പിന്റെ** നോവിലേക്ക് മാടി വിളിക്കപ്പെടുന്ന കാലത്തേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. “നോമ്പിൻ സാരം ഭോജ്യങ്ങൾ വെടിയുക മാത്രവുമല്ലല്ലോ” എന്ന് യാമപ്രാർത്ഥനയിലൂടെ നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ ഈ നോമ്പുകാലം ഈശോയുടെ നോവിൽ പങ്കുചേരുന്ന, ഈശോയുടെ കുരിശിൽ ചേർക്കപ്പെടുന്ന പുണ്യദിനങ്ങളാക്കി മാറ്റാം. വിശുദ്ധാത്മാക്കൾ ഈശോയുടെ നോവിലുള്ള പങ്കുചേരലിൽ ആനന്ദിച്ചവരാണ്. കുറ്റപ്പെടുത്തലുകളാകുന്ന ചാട്ടവാറടിയും, പരിഹാസങ്ങളാകുന്ന മുൾക്കിരീടവും, തെറ്റുധാരണകളാകുന്ന മരക്കുരിശും, വേദനകളാകുന്ന കുരിശുമരണവും ആഘോഷമാക്കിയവരാണവർ.

ആർസിന്റെ ഇടയനായ വി. ജോൺ മരിയ വിയാനിയുടെ ജീവിതം കുറ്റാരോപണത്തിന്റെയും പരിഹാസങ്ങളുടെയും കുരിശുവഹിക്കലായിരുന്നു. അധാർമ്മികജീവിതത്തിനുടമയാണെന്നും ആ സ്ഥലത്തുണ്ടായിരുന്ന ഒരു വേശ്യസ്ത്രീയ്ക്ക് ജനിച്ച കുഞ്ഞ്

അച്ചന്റേതാണെന്നുമുള്ള പരസ്യമായ പോസ്റ്ററുകളും പ്രതിഷേധങ്ങളുമുയർന്നു. ഹൃദയം കീറിമുറിക്കുന്ന ആ നൊമ്പരങ്ങളുടെ നിമിഷങ്ങളിൽ ആരെയും പഴിക്കാതെ, ആരെയും ശപിക്കാതെ, നിരപരാധിത്വം തെളിയിക്കാൻ തത്രപ്പെടാതെ എല്ലാവർക്കുമായി പ്രാർത്ഥിച്ച് രക്തം വിയർക്കാൻ പോരുന്ന തന്റെ സഹനങ്ങളെ ഈശോയുടെ കുരിശിൽ ചേർത്തുവയ്ക്കുവാൻ വി. ജോൺ മരിയ വിയാനി യത്നിച്ചു. അദ്ദേഹം പറയുന്നു: "എനിക്ക് കുരിശുകൾ ധാരാളമുണ്ട്, വഹിക്കാവുന്നതിലധികം കുരിശുകൾ. ഞാൻ അവയെ സ്നേഹിക്കാൻ തുടങ്ങി. എനിക്ക് ആനന്ദമായി. കുരിശിലല്ലാതെ ആനന്ദമില്ലെന്ന് എനിക്കു ബോധ്യപ്പെട്ടിരിക്കുന്നു".

വിയാനിയച്ചനെക്കുറിച്ച് രൂപതാദ്ധ്യക്ഷന്റെ അടുത്ത് പരാതികളെത്തി. നിരപരാധിത്വം മെത്രാൻപക്കൽ തെളിയിക്കണമെന്ന് സുഹൃത്തുക്കൾ ആവശ്യപ്പെട്ടപ്പോൾ വിയാനിയച്ചൻ ഇങ്ങനെ പ്രതികരിച്ചു: "ഒരിക്കൽ ഒരിടത്ത് വിശുദ്ധനായ ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹം തന്റെ ശിഷ്യരിൽ ഒരാളോടു പറഞ്ഞു: നീ ശ്മശാനത്തിൽപോയി സാധിക്കുന്നിടത്തോളം അസഭ്യം കുഴിമാടങ്ങളിൽ കിടക്കുന്നവരെക്കുറിച്ചു പറയുക. ശിഷ്യൻ അങ്ങനെ ചെയ്ത് തിരികെ വന്നപ്പോൾ ഗുരു ചോദിച്ചു: അവരെന്തു പറഞ്ഞു? ആരും ഒന്നും പറഞ്ഞില്ല എന്ന് ശിഷ്യൻ പ്രതികരിച്ചു. ഗുരു വീണ്ടും ആവശ്യപ്പെട്ടു: കൊള്ളാം. നീ ഒരിക്കൽക്കൂടി ശ്മശാനത്തിൽ പോയി സാധിക്കുന്നിടത്തോളം അവരെ പ്രശംസിച്ചു പറയുക. ശിഷ്യൻ അപ്രകാരം ചെയ്തു തിരികെ വന്നപ്പോൾ ഗുരു ചോദിച്ചു: എന്തെങ്കിലും പ്രതികരണം...? ശിഷ്യൻ മറുപടി നല്കി: ഇല്ല. ഗുരു ശിഷ്യനോടു പറഞ്ഞു: മനുഷ്യർ നമ്മെ അസഭ്യം പറഞ്ഞാലും പ്രശംസിച്ചാലും നമ്മുടെ പ്രതികരണം ഇപ്രകാരം ആയിരിക്കണം".

"നീതിമാൻ ദൈവത്തിൽനിന്ന് അവന് എന്തുതന്നെ സംഭവിച്ചാലും അസ്വസ്ഥനാകില്ല. അന്യായമായ കുറ്റാരോപണം അവന്റെമേൽ ഉണ്ടായാൽ അവൻ അത് സാരമാക്കില്ല. മറ്റുള്ളവർ അവനിൽ കുറ്റമില്ലെന്നു സ്ഥാപിച്ചാൽ അവൻ വൃഥാ സന്തോഷിക്കുകയുമില്ല" (ക്രിസ്താനുകരണം). പ്രിയമുള്ളവരേ, ഈശോയുടെ കുരിശിലെ സഹനാനുഭവത്തിൽ പങ്കാളിയാകാൻ നോമ്പുകാലം നമ്മെ വിളിക്കുമ്പോൾ, ദൈവം നമുക്ക് അനുവദിച്ചു നല്കുന്ന ചെറുതും വലുതുമായ സഹനങ്ങളെ സ്വർഗ്ഗത്തിലിടം നേടാനുള്ള നിക്ഷേപങ്ങളാക്കി മാറ്റാം. അങ്ങനെ സ്വർഗ്ഗത്തിൽ പേരെഴുതപ്പെടുന്നു എന്നതിൽ സന്തോഷിക്കാം.



*"കുരിശിലല്ലാതെ ആനന്ദമില്ലെന്ന് എനിക്കു ബോധ്യപ്പെട്ടിരിക്കുന്നു".*



# ഈശോ യുവജനങ്ങളുടെ മാതൃക

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**ഈ**ശോ യുവജനങ്ങൾക്ക് എന്നും മാതൃകയും പ്രചോദനവുമാണ്. സുവിശേഷങ്ങൾക്കുള്ളിൽനിന്നും വെളിവാക്കപ്പെട്ടുകിട്ടുന്ന ഈശോയെ യുവജനങ്ങൾ ധ്യാനിക്കണം. യുവാവായ ഈശോയുടെ പ്രവർത്തനങ്ങൾ ഏറെ അനുകരണീയമാണ്. പിതാവായ ദൈവത്തോടുള്ള ഈശോയുടെ വ്യവസ്ഥകളില്ലാത്ത സമർപ്പണഭാവവും, ശിഷ്യസമൂഹത്തോടുള്ള ഈശോയുടെ നിഷ്കളങ്കമായ സൗഹൃദവും, മറ്റുള്ളവരോടുള്ള അവിടുത്തെ വിശ്വസ്തതയും, പാർശ്വവൽക്കരിക്കപ്പെട്ടവരോടും ദരിദ്രരോടും രോഗികളോടും ദുർബലരോടും തിരസ്കൃതരോടുമുള്ള ആഴമേറിയ അവിടുത്തെ കാരുണ്യവും, ഈശോയുടെ കാലത്തെ മതാധികാരികളോടും രാഷ്ട്രീയാധികാരികളോടും ധൈര്യപൂർവ്വം സംസാരിക്കുന്നതിനുള്ള ഉൾക്കരുത്തും വിശുദ്ധ ഗ്രന്ഥത്തിൽ നമ്മൾ കണ്ടെത്തുന്നുണ്ട്. ഈശോയെ ധ്യാനിക്കുന്നവർക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്ക് ഇത് ഉണർവും ഊർജ്ജവും നല്കും.

യുവാവായ ഈശോയ്ക്ക് തെറ്റിദ്ധരിക്കപ്പെടുന്നതും തിരസ്കരിക്കപ്പെടുന്നതുമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. സഹനങ്ങളും യാതനകളും അവിടുത്തേക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. പ്രതിസന്ധികളുടെ സാഹചര്യങ്ങളിലെല്ലാം പിതാവായ ദൈവത്തിന്റെ കരങ്ങളിലേക്ക് തന്നെത്തന്നെ സമർപ്പിക്കുന്ന ഈശോയെയാണ് ബൈബിളിൽ നാം കാണുന്നത്. അരൂപിയുടെ ശക്തിയാലാണ് അവിടുന്ന് മുന്നോട്ടുള്ള തന്റെ യാത്രകൾ തുടർന്നത്.

ഉത്ഥിതനായ ഈശോ ഉത്ഥാനത്തിന്റെ പുതുചൈതന്യത്തിൽ നമ്മെയും പങ്കുകാരാക്കും.

വാർദ്ധക്യത്തിലെത്തിയ ലോകത്തെ യഥാർത്ഥമായ യുവത്വത്തിലേക്കു കൊണ്ടുവരുന്നത് ഈശോയാണ്. നമ്മുടെ സ്വപ്നങ്ങളും പദ്ധതികളും മഹത്തായ ആദർശങ്ങളുമെല്ലാം ഫലമണിയുന്നത് ഈശോ നമ്മുടെ സമീപത്ത് ഉള്ളപ്പോഴാണ്. നാം അവിടുത്തെ പിൻചെല്ലണം; അപ്പോഴാണ് നാം നവചൈതന്യത്തിൽ പങ്കുകാരാകുന്നതും യുവത്വത്തിന്റെ സന്തോഷത്തിലേക്ക് കടന്നുവരുന്നതും.

ഈശോയെ അനുകരിക്കുന്ന, അവിടുത്തെ പാതകൾ പിന്തുടരുന്ന യുവജനങ്ങൾ ഇതര യുവജനങ്ങളുടെ അന്ധകാരം നിറഞ്ഞ വഴികളിൽ നക്ഷത്രങ്ങൾ തെളിക്കണം. യുവജനങ്ങളെ കർത്താവ് ഈ ദൗത്യത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നുണ്ട്. യഥാർത്ഥ നക്ഷത്രത്തിലേക്ക് നമ്മൾ നോക്കണം; നമ്മുടെ വഴികളെ നയിക്കാൻ ഈശോ നല്കുന്ന വിവിധങ്ങളായ അടയാളങ്ങളിലേക്ക് നമ്മൾ നോക്കണം. നമ്മുടെ വഴികളിൽ പ്രകാശമാകുന്ന ഈശോയെ നാം നോക്കണം. അവിടുന്നാണ് യഥാർത്ഥ നക്ഷത്രം. പ്രകാശത്തിലല്ലാത്ത യുവജനങ്ങൾക്ക് പ്രകാശത്തിലായിരിക്കുന്ന യുവജനങ്ങൾ യഥാർത്ഥ നക്ഷത്രത്തെ തെളിയിച്ചു നല്കണം.

**തിരുസ്സഭയുടെ യുവത്വം**

ഈശോയുടെ യുവത്വത്തെക്കുറിച്ച് പ്രതിപാദിച്ച ഫ്രാൻസിസ് പാപ്പാ സഭയുടെ യുവത്വത്തെക്കുറിച്ചുംകൂടി പറഞ്ഞുവയ്ക്കുന്നുണ്ട്. അതിപുരാതനമായ സഭയ്ക്ക് നവീകരണം അനുഭവിച്ചറിയുവാനും യുവത്വത്തിലേക്കു മടങ്ങിവരുവാനും സാധിക്കും. സഭ യൗവനയുക്തയായിരിക്കുന്നത്, സഭ സഭയായിരിക്കുമ്പോഴാണ്. ദൈവവചനത്തിൽനിന്നും പരിശുദ്ധ കുർബാനയിൽനിന്നും ഈശോയുടെ തിരുസാന്നിദ്ധ്യത്തിൽനിന്നും തന്നിലുള്ള പരിശുദ്ധാത്മ ചൈതന്യത്തിൽനിന്നും ശക്തി ആർജ്ജിക്കുമ്പോഴാണ് സഭയ്ക്ക് ചെറുപ്പമായിരിക്കാൻ കഴിയുന്നത്.

തിരുസ്സഭയെ വാർദ്ധക്യത്തിലേക്കെത്തിക്കുന്നതും ഭൂതകാലത്തിലടച്ചുവയ്ക്കുവാൻ ഉദ്യമിക്കുന്നതും പിറകോട്ടു വലിച്ച് നിശ്ചലമാക്കുന്നതുമായ എല്ലാത്തരത്തിലുമുള്ള പ്രലോഭനങ്ങളിൽനിന്ന് സഭ സ്വതന്ത്രയാക്കപ്പെടണം. ലോകം വച്ചുനീട്ടുന്നതെല്ലാം സ്വീകരിക്കുന്നതുകൊണ്ടാണ് സഭ ചെറുപ്പമായിരിക്കുന്നതെന്നും, തന്റെതന്നെ സന്ദേശം മാറ്റിവച്ച് മറ്റുള്ളവർ പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കുമ്പോഴാണ് സഭ നവീകരിക്കപ്പെടുന്നതെന്നുമുള്ള ധാരണ മാറ്റപ്പെടണം. സഭ എന്തായിരിക്കണമോ, അത് അവൾ ആയിരിക്കുമ്പോഴാണ് സഭ യൗവനയുക്തയാകുന്നത്.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഈശോയുടെ പെസഹാരഹസ്യത്തിന്റെ രണ്ട് അവശ്യഘടകങ്ങളാണ് അവിടുത്തെ മരണവും ഉത്ഥാനവും. മരണമില്ലാതെ ഉത്ഥാനമില്ല. ഉത്ഥാനമില്ലാതെ മരണമില്ല. ഈശോയോടുകൂടി ജീവിക്കുന്നവർ ഈ രണ്ടു ഘടകങ്ങളും അവരുടെ ജീവിതത്തിൽ അവശ്യം ഉൾക്കൊണ്ട് അവിടുത്തോട് ഐക്യപ്പെടാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈശോയുടെ മരണത്തോട് ഐക്യപ്പെടാനുള്ള കാലഘട്ടമാണ് നോമ്പുകാലം. പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്ന മാമ്മോദീസാനുഭവം (റോമാ 6,1-11) നവീകരിക്കുവാനുള്ള അവസരമാണിത്. അപ്രകാരം ജീവിതനവീകരണത്തിന് ദൈവജനത്തെ ഒരുക്കുവാനുതകുന്ന വിധത്തിൽ അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ. സ്നേഹാശംസകൾ!

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2020 ജനുവരി 20-ാം തീയതി താമരശ്ശേരി രൂപതാംഗങ്ങളായ ഏഴു ബഹു. വൈദികർ അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായിത്തീർന്നു. ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള പ്രവേശനകർമ്മം നടന്നത് രൂപതയുടെ അജപാലനകേന്ദ്രത്തിലെ ദൈവാലയത്തിൽ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ മുഖ്യ കാർമ്മികത്വത്തിലും ബഹു. ജോസഫ് ചാലാശ്ശേരിയച്ചന്റെ സഹകാർമ്മികത്വത്തിലും നടന്ന ബലിയർപ്പണമദ്ധ്യേയാണ്. പ്രസ്തുത സന്ദർഭത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റെമീജിയൂസ് പിതാവ് സന്നിഹിതനാവുകയും പുതിയതായി ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിച്ച വൈദികരോടൊപ്പം സ്നേഹവിരുന്നിൽ പങ്കുചേരുകയും ചെയ്തു. 2020 ജനുവരി 26 മുതൽ 31 വരെ ലബനോനിൽവച്ചു നടന്ന എക്യുമെനിക്കൽ കമ്മീഷൻ മീറ്റിംഗിലും അതേത്തുടർന്ന് റോമിൽവച്ചു നടന്ന അപ്പസ്തോലിക് സൊദാലെസ് ജനറൽ കൗൺസിൽ മീറ്റിംഗിലും സംബന്ധിച്ചതിനുശേഷം ഫെബ്രുവരി 11 ന് ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.





# നോമ്പിന്റെ ആനന്ദം

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ആ**നന്ദം... എല്ലാ കാലത്തുമുള്ള മനുഷ്യഹൃദയത്തിന്റെ അഭിനിവേശമാണത്. അതിനായി മനുഷ്യൻ അന്വേഷിക്കാത്ത മാർഗ്ഗങ്ങളില്ല; പോകാത്ത വഴികളില്ല; ചെയ്തുകൂട്ടാത്ത കാര്യങ്ങളില്ല. എന്നാൽ യഥാർത്ഥ ആനന്ദം കണ്ടെത്തുന്നവർ വളരെ ചുരുക്കമാണ്. കാരണം ആനന്ദത്തിന്റെ സ്രോതസ്സ് ലോകത്തിന്റെ താല്പര്യങ്ങളിലല്ല എന്നതുതന്നെ. “ഇന്ദ്രിയസുഖങ്ങളിലൂടെ ശരീരത്തെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുമ്പോൾ അത് അതിവേഗം നമ്മിൽ വിരക്തിയുണ്ടാക്കുകയും ഒരു നിശ്ചിതപരിധി കഴിഞ്ഞാൽ അതിന്റെ തിക്തത നമുക്ക് വേദനാകാരണമാകുകയും ചെയ്യും” (വി. ഫുൾട്ടൺ ജെ. ഷീൻ). എന്നാൽ ദൈവം തരുന്ന ആന്തരികാനന്ദമാകട്ടെ അത് അനുക്ഷണം ആസ്വാദ്യകരമായിത്തീരുന്നു.

ദൈവം നല്കുന്ന യഥാർത്ഥ ആനന്ദം നുകരാനായി ഒരിക്കൽക്കൂടി നോമ്പുകാലം നമ്മെ തേടിയെത്തിരിക്കുകയാണ്. തിരുവചനം അതിനുള്ള മാർഗ്ഗങ്ങളും നമ്മുടെ മുമ്പിൽ നിരത്തുന്നു.

▶നോമ്പ് നിനക്ക് ആനന്ദമാകും: നിന്നെ ദ്രോഹിക്കുന്നവനെ നീ സ്നേഹിക്കാൻ ആരംഭിക്കുമ്പോൾ (മത്താ 5,43).

▶നോമ്പ് നിനക്ക് ആനന്ദമാകും: മറ്റുള്ളവരെ കാണിക്കാൻവേണ്ടിയാകാതെ ഹൃദയപൂർവ്വം നീ പ്രാർത്ഥിക്കാൻ ആരംഭിക്കുമ്പോൾ (മത്താ 6,5).

▶നോമ്പ് നിനക്ക് ആനന്ദമാകും: ദൈവപരിപാലനയിൽ ആശ്രയിച്ച് നീ ഉത്ക്കണ്ഠയില്ലാതെ ജീവിക്കുമ്പോൾ (മത്താ 6,25).

▶നോമ്പ് നിനക്ക് ആനന്ദമാകും: നിന്റെ സഹോദരന്റെ തെറ്റുകളുടെ കണക്കു രേഖപ്പെടുത്താതെ സ്വന്തം പരിമിതികളെക്കുറിച്ച് ബോധവാനാകാൻ നീ പരിശ്രമിക്കുമ്പോൾ (മത്താ 7,3).

▶നോമ്പ് നിനക്ക് ആനന്ദമാകും: ദൈവത്തെ പിതാവേ എന്നു വിളിക്കാൻമാത്രം നീ ആശ്രയത്വമുള്ളവനാകുമ്പോൾ (മത്താ 6,9).

▶നോമ്പ് നിനക്ക് ആനന്ദമാകും: ദൈവഹിതം മാത്രം ജീവിതത്തിൽ നടക്കണമെന്ന് നീ ആഗ്രഹിക്കാൻ ആരംഭിക്കുമ്പോൾ (മത്താ 7,21).

▶നോമ്പ് നിനക്ക് ആനന്ദമാകും: മറ്റുള്ളവരിൽനിന്ന് നീ ആഗ്രഹിക്കുന്നവ അവർക്കായി ചെയ്തുകൊടുക്കാൻ നീ മനസ്സാകുമ്പോൾ (മത്താ 7,12).

▶നോമ്പ് നിനക്ക് ആനന്ദമാകും: സുഖാന്വേഷണത്തിന്റെ വിശാലവഴികൾ വിട്ട്, ഇടുങ്ങിയ വഴിയിലൂടെ നടക്കുവാൻ നീ പരിശ്രമിക്കുമ്പോൾ (മത്താ 7,14).

▶നോമ്പ് നിനക്ക് ആനന്ദമാകും: മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാൻ നീ തയ്യാറാകുമ്പോൾ (മത്താ 9,2).

▶നോമ്പ് നിനക്ക് ആനന്ദമാകും: സ്ഥാനമാനങ്ങൾക്കായി നീ അധ്വാനിക്കാതിരിക്കുമ്പോൾ (മത്താ 20,21).

▶നോമ്പ് നിനക്ക് ആനന്ദമാകും: നിന്റെ വാക്കുകളിൽ നീ സത്യസന്ധനാകാൻ പരിശ്രമിക്കുമ്പോൾ (മത്താ 5,37).

▶നോമ്പ് നിനക്ക് ആനന്ദമാകും: ജീവിതത്തിലെ സഹനങ്ങളെ നീ സ്നേഹത്തോടെ ആലിംഗനം ചെയ്യുമ്പോൾ (മത്താ 20,22).

നോമ്പ് നമ്മുടെ ജീവിതത്തിന്റെ ആനന്ദമായിരിക്കട്ടെ... നമ്മുടെ ജീവിതം എന്നും നോമ്പായിരിക്കട്ടെ... അതു വെറും ഭക്ഷണസാധനങ്ങൾ വർജ്ജിക്കുന്ന സമയമല്ല. മറിച്ച് യഥാർത്ഥ ആനന്ദം നമ്മെ തേടിയെത്തുന്ന കാലമാണ്.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# ഉലകിന്നുയിരേകാൻ

അനിത ആത്രശ്ശേരിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

എന്നെ ഞാനാക്കുവാൻ എന്നിലൊന്നാകുവാൻ
എത്ര കഠോരമായ് നീ സഹിച്ചു
എണ്ണിയാൽ തീരാത്തൊരായിരം പീഡകൾ
എത്ര സ്നേഹത്തോടെ നീ വരിച്ചു.

'ഉണ്ണി'യായ് മന്നവ'നുന്നതി' കൈവിട്ടു
ഉന്നതസ്നേഹത്തിൻ പ്രേരണയൊന്നിനാൽ
ഉയിരും ശരണവും താതനിലർപ്പിച്ചു
ഉലകിന്നുയിരായി ജാതനായി ദൈവം.

താതന്റെ ചിത്തമറിഞ്ഞു വളർന്നവൻ
തന്നിലൊന്നാകുവാൻ സ്നേഹം പകർന്നേകി
താതനുമായുള്ളോരൈക്യത്തിൽ മേവി നീ
താതഹിതമത് പൂർത്തിയാക്കീ മോദാൽ.

മുപ്പതുവർഷത്തെ ജീവിതം ഭൂമിയിൽ
ആരുമറിയാതെ തച്ചന്റെ പുത്രനായ്
അമ്മയാം മേരിതന്നോമനപുത്രനെ
ദൈവകുമാരനായ് ആരുമറിഞ്ഞില്ല.

ജോർദ്ദാൻനദിയിലായ് സ്നാപകനിൽനിന്നും
മൂവുരു മുങ്ങിയതുല്യമാം സ്നാനമേ
സ്വർഗ്ഗം തുറന്നിതാ ഭൂതലെ മർത്ത്യർക്ക്
താതൻ സ്വരമതും റൂഹാതൻ ഭാവവും.

സർവ്വേശപുത്രന് കാൽവരിതന്നിലായ്
കുരിശാം ബലിപീഠം യാഗാർപ്പണത്തിനായ്
കണ്ടു ഭയന്നവനെങ്കിലും താതന്റെ
പ്രീതിയിലർപ്പിച്ചു ജീവനും സർവ്വവും.



# സ്നേഹത്തിന്റെ ഉൾക്കടൽ

**സൗമ്യാ ജോസ് കാഞ്ഞിരക്കാട്ടിൽ**

**വാ**യിച്ചറിഞ്ഞ ഒരു കഥ ഇങ്ങനെയാണ്. ഒരിടത്ത് രണ്ട് സഹോദരന്മാർ ഉണ്ടായിരുന്നു. ഒരാൾ വിവാഹിതനും മറ്റേയാൾ അവിവാഹിതനും. അവരിരുവർക്കും സമൃദ്ധമായി നെല്ലു വിളയുന്ന പാടമുണ്ടായിരുന്നു. അവർ ധാന്യം തുല്യമായി പങ്കിട്ടെടുത്തു പോന്നു.

അങ്ങനെയിരിക്കെ അവിവാഹിതൻ ഇങ്ങനെ ചിന്തിച്ചു... എന്റെ ജ്യേഷ്ഠൻ വിവാഹിതനാണ്. അദ്ദേഹത്തിന് ഭാര്യയും ഏഴു മക്കളുമുണ്ട്. ധാന്യത്തിന്റെ പകുതി ഞാൻ പങ്കിട്ടെടുക്കുന്നത് എന്തായാലും ശരിയല്ല. എനിക്കാണെങ്കിൽ ആവശ്യങ്ങൾ കുറവാണ്. പോരെങ്കിൽ അവിവാഹിതനും. കൂടുതൽ ബുദ്ധിമുട്ടുള്ള സഹോദരനോടു ഞാൻ ചെയ്യുന്നത് എന്തായാലും നീതിയല്ല. അയാൾ രാത്രിയിൽ ഒരു വലിയ ചാക്കു നിറയെ നെല്ലു നിറച്ച് ആരുമറിയാതെ ജ്യേഷ്ഠന്റെ വീട്ടിലെ പത്തായത്തിൽ കൊണ്ടുപോയി ഇട്ടു.

രാത്രിയിൽ ജ്യേഷ്ഠൻ ഇങ്ങനെ ചിന്തിച്ചു... എന്റെ അനുജൻ അവിവാഹിതനാണ്. അതുകൊണ്ട് അവന്റെ ഭാവി ഒട്ടും സുരക്ഷിതമല്ല. എനിക്കാണെങ്കിൽ ഭാര്യയും മക്കളുമുണ്ട്. ഭാവിയിൽ കൂടുതൽ ആവശ്യങ്ങളുള്ള അനുജനുമായി ധാന്യത്തിന്റെ പകുതി പങ്കുവയ്ക്കുന്നത് ഒട്ടും ശരിയല്ല. മാത്രവുമല്ല അവനാണ് എന്നെക്കാൾ കൂടുതൽ ആവശ്യങ്ങളുമുള്ളത്. ജ്യേഷ്ഠൻ ആരോടും പറയാതെ, രാത്രിയിൽ ഒരു വലിയ ചാക്കു നിറയെ നെല്ല് അനുജന്റെ വീട്ടിലെ പത്തായത്തിൽ കൊണ്ടുപോയിട്ടു. ഇരുവരും പരസ്പരമറിയാതെ ദിവസങ്ങളോളം ഇങ്ങനെ ചെയ്തുകൊണ്ടേയിരുന്നു. എങ്കിലും രണ്ടു പേരുടെയും പത്തായത്തിലെ ധാന്യത്തിന്റെ അളവിൽ കുറവു വന്നില്ല! അവസാനം, ഒരു രാത്രിയിൽ അവർ രണ്ടുപേരും തലയിൽ ധാന്യം നിറച്ച ചാക്കുകളുമായി വഴിമധ്യേ കണ്ടുമുട്ടി.



**നിന്റെ വാക്ക് സ്നേഹത്തിന്റെ ബഹിർസ്ഫുരണമായിരിക്കട്ടെ. നിന്റെ ഓരോ പ്രവൃത്തിയും സ്നേഹത്തിന്റെ പ്രകാശനമായിരിക്കട്ടെ. നിന്റെ ഹൃദയം സ്നേഹത്താൽ കത്തിജ്ജ്വലിക്കട്ടെ.**

ഏറെക്കാലം കഴിഞ്ഞ് രണ്ടുപേരും മരിച്ചതിനുശേഷം ഈ സഹോദരന്മാരുടെ സ്നേഹത്തെക്കുറിച്ച് നാട്ടുകാർ അറിഞ്ഞു. ജാതിക്കും മതത്തിനും അതീതമായ വിശ്വസാഹോദര്യത്തിന്റെ ഒരു സ്മാരകം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചന വന്നപ്പോൾ സ്മാരകം നിർമ്മിക്കേണ്ട സ്ഥലത്തെക്കുറിച്ച് ഏകാഭിപ്രായമായിരുന്നു. അത് ഈ സഹോദരന്മാർ രാത്രിയിൽ കണ്ടുമുട്ടിയ സ്ഥലമായിരുന്നു.

ഈ സഹോദരന്മാരുടെ സ്നേഹത്തിനു മുന്നിൽ ലോകം ചെറുതായി. സ്നേഹം എന്ന വിശ്വോത്തര ശക്തിയുടെ ധന്യതയാണിത്. എല്ലാവരും ലഭിക്കുവാനാഗ്രഹിക്കുന്ന ഒരു സ്വർണ്ണഖനിയാണു സ്നേഹം. ഈ സ്നേഹത്തിന്റെ മൂർത്തീഭാവമാണ് നമ്മുടെ രക്ഷകനായ ഈശോ. നോമ്പിന്റെ നാളുകളിൽ ദിവ്യനാഥന്റെ സ്നേഹത്തിന്റെ ഊഷ്മളത നമുക്ക് അനുഭവിക്കാം. പ്രലോഭനങ്ങളെ അതിജീവിക്കുവാൻ മനുഷ്യർക്ക് അനുയോജ്യമായ അവിടുത്തെ ഉപവാസത്തിന്റെ നാളുകളെ നമുക്ക് ഓർക്കാം. പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ദാനധർമ്മത്തിന്റെയും ഈ നാളുകളിൽ നമ്മുടെ ഹൃദയത്തെ സ്നേഹത്തിന്റെ ജലകണികകൾക്കൊണ്ട് നിർമ്മലമാക്കാം. സ്വാർത്ഥമോഹം, മദ്യപാനം, കൊലപാതകം, വഞ്ചന, മതതീവ്രവാദം, ഭ്രൂണഹത്യ, ആത്മഹത്യ എന്നിവ നടമാടുന്ന ഈ ലോകത്തിൽ നമ്മുടെ രക്ഷയ്ക്കായി മൂന്നാണികളിൽ കുരിശിൽ തൂങ്ങപ്പെട്ട മിശിഹാനാഥനെ നമുക്ക് ഓർക്കാം. "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ 10,45). ഈ ശുശ്രൂഷയുടെ മനോഭാവമായിരിക്കട്ടെ നമുക്കും. അപരന്റെ ആവശ്യങ്ങളിൽ ആശ്വാസമായി, സാന്ത്വനമായി, പ്രകാശമായി നമുക്കു ജ്വലിക്കാം. സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച ക്രൂശിതനെ നമുക്ക് അനുകരിക്കാം. പാപബോധത്തിന്റെ കണ്ണീർ വീഴ്ത്തി അവിടുത്തെ മുമ്പിൽ സ്നേഹത്തിന്റെ സാഗരമാകാം. തിന്മയെ നന്മകൊണ്ടു ജയിച്ച് പുതുചൈതന്യത്തോടെ, കഥയിലെ രണ്ടു സഹോദരന്മാരുടെ ജീവിതം പോലെ സ്നേഹത്തിന്റെ ഒരു ഗീതമാകാം.

നിന്റെ വാക്ക് സ്നേഹത്തിന്റെ ബഹിർസ്ഫുരണമായിരിക്കട്ടെ. നിന്റെ ഓരോ പ്രവൃത്തിയും സ്നേഹത്തിന്റെ പ്രകാശനമായിരിക്കട്ടെ. നിന്റെ ഹൃദയം സ്നേഹത്താൽ കത്തിജ്ജ്വലിക്കട്ടെ.

"പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു" (1 യോഹ 4,7).

# വിധി



**ഷിനി തെരേസ് മുതുപ്ലാക്കൽ**

**പീ**ലാത്തോസിന്റെ കൊട്ടാരത്തിൽ തന്റെ വിധിവാക്കു കേൾക്കാൻ നില്ക്കുന്ന ഈശോ... "വിധിക്കരുത്" എന്നു പഠിപ്പിച്ചവൻ വിധിക്കപ്പെടുന്നു... പൂർണ്ണമായും പിതാവിന്റെ ഹിതത്തിനു വിട്ടുകൊടുത്തതോടെ, ബന്ധനസ്ഥനാക്കപ്പെട്ട രാത്രിയിൽ അനുഭവിച്ച തീവ്രമനോവേദനയും അസ്വസ്ഥതയും മാറി തീർത്തും ശാന്തമാണവിടുത്തെ മനസ്സ്. കള്ള സാക്ഷ്യങ്ങളും ക്രൂശിക്കണമെന്നുള്ള ആക്രോശങ്ങളുമായി ജനക്കൂട്ടം ആവേശത്തിലാണ്. അവരുടെ ആവേശത്തിന് ആവേഗം കൂട്ടാൻ പുരോഹിതപ്രമുഖരും ജനപ്രമാണികളും ഒപ്പമുണ്ട്.

ഈശോ സ്വയം ന്യായീകരിക്കുന്നില്ല. തന്നിൽനിന്നും നന്മകൾ സ്വീകരിച്ചവരും അതിന് സാക്ഷ്യം വഹിച്ചവരും ജനക്കൂട്ടത്തിലുണ്ടെന്നറിഞ്ഞിട്ടും ആരെയും പഴിക്കുന്നില്ല. ചെയ്യാത്ത കുറ്റം ആരോപിക്കുന്നതിൽ ആരെയും ശപിക്കുന്നുമില്ല. മറ്റൊരു ഈശോ ആയിത്തീരാൻ വിളിക്കപ്പെട്ടവരാണ് നാം. എന്നാൽ നമുക്കെതിരെ ആരെങ്കിലും ഇല്ലാവചനം പറഞ്ഞാൽ നമ്മുടെ പ്രതികരണം എപ്രകാരമായിരിക്കും... ഈശോ നമ്മിൽ വസിക്കുന്നുണ്ടെങ്കിൽ ഈശോയുടെ പ്രതികരണമാണ് നമ്മിൽനിന്നുണ്ടാകേണ്ടത്.

നമ്മിൽ ഒരു പീലാത്തോസ് വസിക്കുന്നുണ്ടോ എന്നും ചിന്തിക്കേണ്ടതുണ്ട്. ഈശോയ്ക്കെതിരേയുയർത്തുന്ന സാക്ഷ്യങ്ങൾ കള്ളമാണെന്നവൻ അറിഞ്ഞിരുന്നു. 'ഒരു കുറ്റവും ഞാനവനിൽ കാണുന്നില്ല' എന്ന് മൂന്നുവട്ടം പീലാത്തോസ് പറഞ്ഞത് (യോഹ 18,38; 19,4.6) ഈശോ നീതിമാനാണെന്ന് ബോധ്യമുള്ളതുകൊണ്ടാണ്. 'അസൂയനിമിത്തമാണ് അവർ ഈശോയെ ഏല്പിച്ചുകൊടുത്തതെന്നറിഞ്ഞിട്ടും' (മത്താ 27,18), ഈശോയെക്കുറിച്ചുള്ള


സ്വപ്നദർശനത്തിന്റെ പേരിൽ, 'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്' (മത്താ 27,19) എന്ന് ഭാര്യ മുന്നറിയിപ്പു കൊടുത്തിട്ടുമെന്തേ പീലാത്തോസ് ഈശോയെ കൈകഴുകി (മത്താ 27,24) കൈയൊഴിഞ്ഞത്? സീസറിന്റെയും ജനഭൂരിപക്ഷത്തിന്റെയും അപ്രീതി സമ്പാദിക്കുവാൻ പീലാത്തോസ് തയ്യാറായിരുന്നില്ല. സ്വന്തം നിലനില്പ് അപകടത്തിലാണെന്ന ചിന്തയും ജനങ്ങളുടെ ഇടയിലെ സ്വീകാര്യതയും സ്ഥാനവും നഷ്ടപ്പെടുമെന്ന ഭയവും അവനെ അലട്ടി. "എന്താണ് സത്യം?" (യോഹ 18,38) എന്ന് താൻ ഈശോയോട് ഉന്നയിച്ച ചോദ്യത്തിന് ഉത്തരം ലഭിക്കാൻപോലുമുള്ള സാവകാശത്തിന് പീലാത്തോസ് മുതിരുന്നില്ല.

പീലാത്തോസിന്റെ ഈ മനോഭാവങ്ങളും ചെയ്തികളും അനുവർത്തിക്കുകവഴി സത്യത്തിനെതിരായി നാം ഒരിക്കലും പ്രവർത്തിക്കരുത്. മേലുദ്യോഗസ്ഥരുടെയും സഹപ്രവർത്തകരുടെയും പ്രീതി ലക്ഷ്യമാക്കിയും നമ്മുടെ സത്പേരും സ്ഥാനവും നഷ്ടമാക്കരുതെന്ന ചിന്തമൂലവും, സത്യത്തിനെതിരായി പ്രവർത്തിച്ച് ഒരു നീതിമാന്റെയും രക്തം ചിന്താൻ ഇടവരുത്തരുത്.

ഈശോയെ ഏല്പിച്ചുകൊടുത്ത പുരോഹിതപ്രമുഖന്മാരുടെയും ജനപ്രമാണികളുടെയും മനോഭാവങ്ങളും മറ്റുള്ളവരുടെമേൽ നാം നടത്തുന്ന വിധിയുടെ മാനദണ്ഡങ്ങളാകാനുള്ള സാധ്യതയുണ്ട്. പുരോഹിതന്മാർ ഈശോയെ തങ്ങളുടെ ഭാവിക്ക് ഒരു ഭീഷണിയായി കണ്ടു. ഈശോയുടെ വാക്കുകൾ കേട്ട് 'വെള്ളയടിച്ച കുഴിമാടങ്ങളായി' തിരിച്ചറിഞ്ഞ് ജനങ്ങൾ തങ്ങളെ തഴയും, അവരുടെ മുമ്പിൽ തങ്ങൾ പരിഹാസപാത്രങ്ങളായിത്തീരും എന്ന ഭയം അവരെ ഗ്രസിച്ചിരുന്നു. എന്നാൽ ഈശോയുടെ വാക്കുകൾക്ക് വേണ്ടത്ര വില കല്പിച്ച് സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ്, അവ അംഗീകരിച്ച് ആവശ്യമായ തിരുത്തലുകൾ ജീവിതത്തിൽ വരുത്തുന്നതിനു പകരം അവിടുത്തെ ദൈവികസ്വരം ഇല്ലാതാക്കാനാണ് അവർ ശ്രമിച്ചത്. ആത്മാവില്ലാത്ത അനുഷ്ഠാനങ്ങൾ ആവർത്തിച്ചു ശീലിച്ചവർക്ക് തങ്ങൾ അനുവർത്തിക്കുന്നതാണ് ശരി. ആത്മാവിന്റെ പ്രചോദനങ്ങളേകുന്ന ഈശോയുടെ വാക്കുകൾ അവർക്ക് അസഹ്യമാകുന്നു. ഈ ജനനേതൃത്വത്തിന്റെ ഇത്തരം കുറവുകൾ നമ്മുടെ ജീവിതത്തിൽ ഭരണം നടത്തുകവഴി ആരെയും നാം ക്രൂശിക്കാതിരിക്കട്ടെ.

ഈശോയെ ക്രൂശിക്കണമെന്ന ബഹളവുമായി ജനക്കൂട്ടവും രംഗത്തുണ്ട്. ഈശോയുടെ നന്മകൾ കണ്ടവരും സ്വീകരിച്ചവരും അതിനു സാക്ഷ്യംവഹിച്ചവരും ഈശോ നീതിമാനാണെന്ന് ബോധ്യമുള്ളവരുമായ അനേകരുണ്ട്. അവരാരുമെന്തേ ഈശോയ്ക്കുവേണ്ടി ശബ്ദമുയർത്തിയില്ല? ഭരണാധികാരികളെയും അക്രമാസക്തരായ ജനക്കൂട്ടത്തെയും ഭയന്ന് അവർ നിശബ്ദരായതാവാം. ഇത്തരം നിശബ്ദതകൾ നമ്മുടെ ജീവിതത്തിലും ആവർത്തിക്കുന്നുണ്ടോ... എന്തിനു വെറുതെ തടി കേടാക്കണം എന്നതാവും നമ്മുടെ ചിന്ത.

ഒരുപക്ഷേ, ഈശോയ്ക്കുവേണ്ടി ശബ്ദം ഉയർത്തിയവരും അവരുടെയിടയിൽ ഉണ്ടായിരുന്നിരിക്കണം. പക്ഷേ, ജനക്കൂട്ടത്തിന്റെ കൊലവിളിക്കിടയിൽ അവ എങ്ങനെ മുഴങ്ങിക്കേൾക്കാൻ? നമ്മുടെ ശബ്ദം മറ്റുള്ളവർക്കു നീതി നിഷേധിക്കപ്പെടാൻ കാരണമാകുന്നുണ്ടോ? എന്തെങ്കിലും കാരണങ്ങളാൽ അല്ലെങ്കിൽ ആരുടെയെങ്കിലും പ്രേരണയാൽ മറ്റാർക്കെങ്കിലുമെതിരെ ആരോപണശരങ്ങൾ തൊടുത്തുവിടുന്നുണ്ടോ? വാക്കുകളൊരിക്കലും വിധികളാകരുത്. വാക്കുകൊണ്ടും വിധികൊണ്ടും ആരെയും വധിക്കരുത്. ഈ നോമ്പുകാലം നമുക്ക് ആത്മവിചിന്തനത്തിന്റെ നാളുകൂടിയാവട്ടെ.



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

**ജെനി കഴുന്നടി**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:**

ദൈവസാന്നിദ്ധ്യത്തിനു മുമ്പിൽ എന്നും കെടാവിളക്കായി നില്ക്കുന്ന പരിശുദ്ധ അമ്മേ, ഞങ്ങളുടെ വ്യക്തിജീവിതങ്ങളിലും കുടുംബജീവിതങ്ങളിലും, ദൈവവിശ്വാസമില്ലായ്മയുടെ ഇരുൾ പരക്കുമ്പോൾ നിത്യസൂര്യനായ മിശിഹായുടെ പ്രകാശകിരണങ്ങൾ ഞങ്ങളുടെമേൽ പതിച്ച് വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന കെടാവിളക്കായി എന്നും ഞങ്ങളുടെ ജീവിതത്തിലുണ്ടാകുവാൻ നീ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

മിശിഹായാകുന്ന പ്രധാനവഴിയിലേക്ക് ഞങ്ങളെ ആനയിക്കുവാൻ ഇടവഴിയായി വർത്തിക്കുന്ന പരിശുദ്ധ അമ്മേ, പ്രലോഭനങ്ങളും ജീവിതപ്രശ്നങ്ങളും ഞങ്ങളെ പെരുവഴിയിലാക്കുമ്പോൾ, യഥാർത്ഥ വഴിയറിയാതെ കണ്ണുകൾ മൂടപ്പെടുമ്പോൾ, വിശുദ്ധിയുടെ നേർവഴിയിലേക്ക് ഞങ്ങളെയും ഞങ്ങൾക്കുള്ളവരെയും വഴിതിരിച്ചുവിടുവാനുള്ള ഉത്തരവാദിത്വബോധവും പ്രവർത്തനക്ഷമതയും നല്കി ഞങ്ങളെ അനുഗ്രഹിക്കുവാൻ ഞങ്ങൾക്കൊപ്പം മാതാവേ, നീ ഉണ്ടാകണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

ദൈവത്തെ സ്നേഹിക്കുന്നവരുടെ ജീവിതത്തിൽ എന്നും തണൽമരമായി വർത്തിക്കുന്ന പരിശുദ്ധ അമ്മേ, ചുട്ടുപൊള്ളുന്ന ജീവിതമണലാരണ്യങ്ങളിൽ, തെറ്റുധാരണകളുടെയും മുൻവിധികളുടെയും നെരിപ്പോടുകളിൽ തളർന്നുപോകാതെ, എന്തുകൊണ്ട് എനിക്കിത് എന്ന് ദൈവത്തോടു മറുതലിക്കാതെ, സഹനങ്ങളുടെ മുൾപ്പടർപ്പിലും ദൈവസ്നേഹത്തിന്റെ തണലനുഭവിക്കുവാനും അപരന്റെ ജീവിതത്തിന് തണലായി മാറുന്നതിനും ഞങ്ങളെ അനുഗ്രഹിക്കുന്നതിനായി നീ ഞങ്ങൾക്കു മദ്ധ്യസ്ഥയാകണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**


ദാഹിച്ചുവലയുന്നവരുടെ ജീവിതത്തിൽ ജീവജലത്തിന്റെ നീർച്ചാലായി മാറുന്ന പരിശുദ്ധ അമ്മേ, ആത്മീയത ഞങ്ങളിൽനിന്നും ചോർന്നുപോകുമ്പോൾ, മാനുഷികസ്നേഹങ്ങളിൽ ഞങ്ങൾ കുടുങ്ങിക്കിടക്കുമ്പോൾ ഒരിക്കലും തീർന്നുപോകാത്ത ദൈവസ്നേഹത്തിന്റെ കൽഭരണികളിലേക്ക് ഞങ്ങളെ അടുപ്പിക്കുവാൻ, ജീവജലത്തിന്റെ നീർച്ചാലിൽനിന്നും പാനം ചെയ്ത് ഞങ്ങൾക്കു ചുറ്റുമുള്ളവരെക്കൂടി യഥാർത്ഥ നീർച്ചാലിലേക്ക് നയിക്കുവാൻ തക്കവിധം ഞങ്ങൾ നിരന്തരം തീക്ഷ്ണതയുള്ളവരായി മാറുന്നതിനായി പരിശുദ്ധ അമ്മേ, ഞങ്ങൾക്കുവേണ്ടി തമ്പുരാനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

വേദനിക്കുന്നവരുടെ കണ്ണീരൊപ്പാൻ ഓടിയണയുന്ന പരിശുദ്ധ അമ്മേ, മാറാരോഗങ്ങളും മാനസികവും ശാരീരികവുമായ പലവിധ പീഡകളും ഞങ്ങളെ അലട്ടുമ്പോൾ മനം മടുക്കാതെ സഹനത്തിലൂടെ ജീവിതത്തെ രക്ഷാകരമാക്കിത്തീർക്കുന്ന ദൈവത്തിന്റെ അനന്തപരിപാലന തിരിച്ചറിയുവാനും, വേദനിക്കുന്നവരിൽ, പാർശ്വവൽക്കരിക്കപ്പെട്ടവരിൽ ദൈവസ്നേഹത്തിന്റെ ആശ്വാസതൈലം പുരട്ടുവാനും ഞങ്ങൾ പ്രാപ്തരാകുന്നതിനായി ഞങ്ങളുടെ ചാരേ എന്നും നിന്റെ ശക്തിയേറിയ മാതൃസഹായം ഞങ്ങൾ അപേക്ഷിക്കുന്നു.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



"നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി
അവൻ മുറിവേല്പിക്കപ്പെട്ടു.
നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി
ക്ഷതമേല്പിക്കപ്പെട്ടു.
അവന്റെമേലുള്ള ശിക്ഷ
നമുക്കു രക്ഷ നല്കി;
അവന്റെ ക്ഷതങ്ങളാൽ
നാം സൗഖ്യം പ്രാപിച്ചു"
(ഏശ 53,5)

"കുരിശ് സ്നേഹത്തിന്റെ ഒരു ഗീതമാണ്:
പിതാവിന്റെ നേർക്കുള്ള
ഈശോയുടെ സ്നേഹത്തിന്റെ ഗീതം;
നമ്മുടെ നേർക്കുള്ള
ഈശോയുടെ സ്നേഹത്തിന്റെ ഗീതം;
അതോടൊപ്പം പിതാവിന്
ഈശോയോടുള്ള സ്നേഹത്തിന്റെ ഗീതം"



ദൈവദാസൻ ബിഷപ്
വില്യം ജക്വീന്താ

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th February 2020

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''നമ്മുടെ ദുഷ്ചെയ്തികളിൽ നിന്നും
പിന്തിരിയാനായ് സമയം വന്നു
അവയുടെ പെരുകിയ നിലയോർത്തീടാം
വിലപിച്ചീടാം പാപത്തിന്മേൽ
നമ്മെയെതിർത്തു നശിപ്പിക്കാനായ്
ജാഗ്രതയോടവ നിലകൊള്ളുന്നു''
(നോമ്പുകാലം, തിങ്കൾ - എന്താനാ)



Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal